©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 13-ാം തീയതി സമർപ്പിച്ചത്
(Presented on 13th September, 2023)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**
(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

916/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം | - | 25 |

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. ബി. രാജേഷ്,*
തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി-

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

---

* 2022 ഒക്ടോബർ 17-ലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 305 പ്രകാരം സമിതിയുടെ ചെയർമാനായി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 1-4-2022 മുതൽ 31-3-2023 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2022-23 കാലയളവിൽ സമിതി 12-4-2022, 19-4-2022, 27-4-2022, 30-6-2022, 22-8-2022, 24-8-2022, 30-11-2022, 24-1-2023, 15-2-2023, 21-2-2023, 22-2-2023, 16-3-2023 എന്നീ തീയതികളിലായി 12 യോഗങ്ങൾ ചേർന്നു. ഇതിൽ 6 യോഗങ്ങൾ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ടും ശേഷിച്ച 6 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെയും ബില്ലുകളുടെ പരിഗണനയ്ക്കുമായും ചേർന്നതാണ്.

ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 63% ആയിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 A പ്രകാരമുള്ള യോഗങ്ങളുടെ വിശദാംശങ്ങളും, അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെയും വകുപ്പുകളുടെയും വിവരങ്ങളും

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി പത്രികകളുടെയും കാലതാമസ പത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് സെപ്റ്റംബർ 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എം. ബി. രാജേഷ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

## റിപ്പോർട്ട്

<u>അദ്ധ്യായം - I</u>

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്-27-4-2022-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് - 30-6-2022-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2022 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് - 30-6-2022-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2022 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 24-8-2022-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2022 ആഗസ്റ്റ് 29-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് - 22-2-2023-ലെ സമിതിയോഗം അംഗീകരിക്കുകയും 27-2-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് - 16-3-2023-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2023 മാർച്ച് 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

7. 2022-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് - 16-3-2023-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2023 മാർച്ച് 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.::

## അദ്ധ്യായം II

### സമിതി പരിഗണിച്ച ബില്ലുകൾ

1. 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ
2. 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
3. 2022-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ

## അദ്ധ്യായം III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

എ) കരട് ചട്ടങ്ങൾ

1) The Local Self Government Department State Service Special Rules, 2022.

2) The Local Self Government Department Subordinate Service Special Rules, 2022.

(ഫയൽ നം.14281/സബ്.സി.ഡി1/2022/നി.സെ.)

മേൽ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സമിതിയുടെ പരിഗണനയ്ക്കായി 7-3-2022 തീയതി ലഭ്യമാക്കുകയുണ്ടായ കരട് ചട്ടങ്ങൾ സമിതിയുടെ 15-3-2022-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾക്കു പുറമെ മറ്റു ഏതാനും ഭേദഗതികൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസ്തുത ചട്ടങ്ങൾ വീണ്ടും കരട് രൂപത്തിൽ സമിതി മുൻപാകെ വകുപ്പ് ലഭ്യമാക്കുകയുണ്ടായി. അപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 24-8-2022 തീയതിയായി ലഭിച്ച മേൽ ചട്ടങ്ങൾ സമിതിയുടെ 22-8-2022-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3) കേരള മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം പേയ്മെന്റ് ഓഫ് ഡിലേ കോമ്പൻസേഷൻ റൂൾസ്, 2022.

പ്രസ്തുത കരട് ചട്ടം 24-1-2023-ലെ യോഗം പരിഗണിക്കുകയും ഭേദഗതി നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം.760/സബ്.സി.ഡി1/2023/നി.സെ.)

ബി) എസ്.ആർ.ഒ.-കൾ

സമിതിയുടെ 30-6-2022-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. കേരള സംസ്ഥാന വഖഫ് (ഭേദഗതി) ചട്ടങ്ങൾ, 2021

(എസ്.ആർ.ഒ. നം. 838/2021)

(ഫയൽ നം.21467/സബ്.സി.ഡി1/2021/നി.സെ)

2. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി (ഭേദഗതി) റൂൾസ്, 2022

(എസ്.ആർ.ഒ. നം. 339/2022)

(ഫയൽ നം. 5214/സബ്.സി.ഡി1/2020/നി.സെ)

സമിതിയുടെ 29-9-2021-ലെ യോഗത്തിൽ സാധൂകരണം നൽകിയ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ റദ്ദ് ചെയ്തു പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായി 6-9-2022-ലെ കത്ത് പ്രകാരം പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് സമിതിയുടെ അനുമതി തേടുകയുണ്ടായി. ആയത് സംബന്ധിച്ചുള്ള വിശദീകരണം സമിതിയുടെ 30-11-2022-ലെ യോഗം പരിശോധിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾ റദ്ദു ചെയ്യാൻ അനുമതി നൽകുകയും ചെയ്തു.

(i) The Special Rules for the Kerala Minority Welfare Subordinate Service, 2021 (SRO No. 151/2021)

(ii) The Special Rules for the Kerala Minority Welfare Service, 2021 (SRO No. 152/2021)

(ഫയൽ നം. 4907/സബ്.സി.ഡി1/2021/നി.സെ)

## അദ്ധ്യായം IV

നിയമസഭ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

**നിയമസഭ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | XXI-ഭവനനിർമ്മാണം | 2021-22 | സൈനിക ക്ഷേമ (എ) വകുപ്പ് | 28-6-2022 |
| 2. | XXI-ഭവനനിർമ്മാണം | 2017-18 | പൊതുവിദ്യാ ഭ്യാസം | 28-6-2022 |
| 3. | XXI-ഭവനനിർമ്മാണം | 2021-22 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | 20-7-2022 |
| 4. | XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2021-22 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് | 20-7-2022 |
| 5. | XXII-നഗരവികസനം | 2019-20 (കാലതാമസ പത്രിക സഹിതം) | നഗരഗ്രാമാസൂ ത്രണ വകുപ്പ് | 20-7-2022 |
| 6. | XXII-നഗരവികസനം | 2019-20 (കാലതാമസ പത്രിക സഹിതം) | നഗരകാര്യ വകുപ്പ് | 20-7-2022 |
| 7. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2019-20 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 20-7-2022 |

| | | | | |
|---|---|---|---|---|
| 8. | XXXV-പഞ്ചായത്ത് | 2019-20 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 20-7-2022 |
| 9. | XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 20-7-2022 |
| 10. | XXXVI-ഗ്രാമവികസനം | 2019-20 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 20-7-2022 |
| 11. | XXII-നഗരവികസനം | 2020-21 (കാലതാമസ പത്രിക സഹിതം) | നഗരകാര്യ വകുപ്പ് | 1-9-2022 |
| 12. | XXII-നഗരവികസനം | 2020-21 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 1-9-2022 |
| 13. | XXXV-പഞ്ചായത്ത് | 2020-21 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 1-9-2022 |
| 14. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2020-21 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭ രണ വകുപ്പ് | 1-9-2022 |
| 15. | XXXVI-ഗ്രാമവികസനം | 2020-21 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയം ഭരണ വകുപ്പ് | 1-9-2022 |
| 16. | XXI-ഭവനനിർമ്മാണം | 2021-22 (കാലതാമസ പത്രിക സഹിതം) | ഭവനനിർമ്മാണ വകുപ്പ് | 6-12-2022 |
| 17. | XXI-ഭവനനിർമ്മാണം | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുമരാമത്ത് വകുപ്പ് | 15-3-2023 |

## അദ്ധ്യായം VI

(എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും വകുപ്പുകളും | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും |
|---|---|---|
| 82 | ഭവനനിർമ്മാണ വകുപ്പ്<br>3-14, 16, 18-20<br>പൊതുഭരണ (ന്യൂനപക്ഷക്ഷേമം)<br>32-34 | പൊതുമരാമത്ത്<br>1,2,15,17<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>71-82 |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും വിശദാംശങ്ങളും**

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

**(ഫയൽ നം.3155/സബ്.സി.ഡി1/2014/നി.സെ.)**

ശിപാർശ (ഖണ്ഡിക നം.12)

2216-80-190-99—പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീടുവയ്ക്കാൻ വായ്പ

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52.65 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയനിയന്ത്രണ നടപടികൾക്ക് വിധേയമായി 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് പലിശ സബ്സിഡി നൽകുന്നതിനായി തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ പി2/403/2022/പൊവിവ., തീയതി 2-9-2022)

പ്രസ്തുത മറുപടി 30-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

**(ഫയൽ നം.5488/സബ്.സി.ഡി1/2016/നി.സെ.)**

ശിപാർശ (ഖണ്ഡിക നം.72)

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന് 'വായ്പ' ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽ നിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പാ ഹെഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷന് വായ്പാ തുക മുതലും പലിശയുമായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതായി വരുന്നു. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. മേൽ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ 'ലോൺ' ശീർഷകത്തിൽ വകയിരുത്തുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന് '6216-80-190-99' എന്ന വായ്പാ ശീർഷകത്തിനു കീഴിൽ നൽകിയിരുന്ന തുക പുതിയ മൂലധന ശീർഷകമായ '4055-00-190-99'-ലേയ്ക്ക് 'റീ-ക്ലാസ്സിഫൈ' ചെയ്യുന്നതിന് 24-8-2022 സ.ഉ.(സാധാ) നം. 2364/2022/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ മുഖാന്തരം 'Proforma correction'-ലൂടെ 'റീ-ക്ലാസ്സിഫൈ' ചെയ്യുന്നതിനും, അടുത്ത ഉപധനാഭ്യർത്ഥനയുടെ സർക്കുലർ പുറപ്പെടുവിക്കുന്നതിനു മുന്നോടിയായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും കെ.പി.എച്ച്.സി.സി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ 1/202/2017/ആഭ്യന്തരം തീയതി 4-11-2022)

പ്രസ്തുത മറുപടി 30-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

**(ഫയൽ നം.3134/സബ്.സി.ഡി1/2017/നി.സെ.)**

<u>ശിപാർശ (ഖണ്ഡിക നം. 16)</u>

2216-80-190-99—<u>കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ</u>

കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പലിശ സബ്സിഡി നൽകുന്നതിനായി 52.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് പലിശ സബ്സിഡി നൽകുന്നതിനായി തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നം. 17)</u>

2216-80-190-99—<u>ഭവനനിർമ്മാണം</u>

ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ഓഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>പൊതുശിപാർശ - 1</u>

കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 6216-80-190-99 എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നതും ഫണ്ട് റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത സമിതി, കമ്പനിയായി രജിസ്റ്റർ ചെയ്ത കോർപ്പറേഷനുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും, ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ഓഹരി മൂലധനം ലോൺ ആയിട്ടാണ് സർക്കാർ സഹായം അനുവദിക്കുന്നതെന്നും ഗ്രാന്റ്-ഇൻ-എയ്ഡ് ആയി തുക അനുവദിക്കാറില്ലെന്നും അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ (പി) വകുപ്പിൽ നിന്നും ലഭ്യമായ ഖണ്ഡിക നം. 16, 17 എന്നിവയിന്മേൽ സർക്കാർ കത്ത് നമ്പർ പി2/382/2022/പൊവിവ. തീയതി 2-7-2022 പ്രകാരവും ധനകാര്യ വകുപ്പിൽ നിന്നും പൊതുശിപാർശ 1-മേൽ സർക്കാർ കത്ത് നമ്പർ പിയുസി-1/33/2021/ധന. തീയതി 18.04.2022 പ്രകാരവും ലഭിച്ച മറുപടികൾ 30-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ഖണ്ഡിക 16, 17 എന്നിവയിന്മേലുള്ള കാലതാമസപത്രിക 20-7-2022-നും പൊതുശിപാർശ 1-ന്മേലുള്ള കാലതാമസപത്രിക 28-6-2022-നും സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

**(ഫയൽ നം.1253/സബ്.സി.ഡി1/2018/നി.സെ.)**

<u>ശിപാർശ (ഖണ്ഡിക നം. 12)</u>

2216-80-190-99—<u>ഭവനനിർമ്മാണം</u>

ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ഓഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക നം. 13)</u>

2216-80-190-99—<u>ഭവനനിർമ്മാണം</u>

പലിശ സബ്സിഡി നൽകുന്നതിനായി മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 52.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശ അനുസരിച്ച് പലിശ സബ്സിഡി നൽകുന്നതിനായി തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

പൊതുവിദ്യാഭ്യാസ (പി) വകുപ്പിൽ നിന്നും ഖണ്ഡിക നം. 12, 13 എന്നീ ശിപാർശകളിന്മേൽ സർക്കാർ കത്ത് നമ്പർ പി2/389/2022/പൊവിവ. തീയതി 2-9-2022 പ്രകാരം ലഭിച്ച നടപടിപത്രിക 30-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

**(ഫയൽ നം.3275/സബ്.സി.ഡി1/2019/നി.സെ.)**

<u>ശിപാർശ (ഖണ്ഡിക നം. 7)</u>

2216-80-190-99—<u>ഭവനനിർമ്മാണം</u>

ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, ശമ്പളം, ഓഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് പലിശ സബ്സിഡി നൽകുന്നതിനായി തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ പി2/402/2022/പൊവിവ. തീയതി 2-9-2022)

പ്രസ്തുത ഗവൺമെന്റ് മറുപടി 30-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

**(ഫയൽ നമ്പർ 1622/സബ്.സി.ഡി1/2020/നി.സെ.)**

ശിപാർശ (ഖണ്ഡിക നം. 10)

2217-05-051-98 പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം

പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട 5 നഗരസഭകൾക്ക് കെട്ടിടനിർമ്മാണത്തിന് 3 കോടി രൂപ വീതം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുകകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നം. 11)

2217-05-191-77—ദേശീയ നഗര ഉപജീവന മിഷൻ - 60% സി.എസ്.എസ്

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗരഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 5.612 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നം. 12)

2217-05-192-74—ജനറൽ മുനിസിപ്പാലിറ്റി

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗരഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 8.419 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നം. 13)

2217-05-789-97—എസ്.സി.എസ്.പി.(കോർപ്പറേഷൻ)

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.0524 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നം. 14)

2217-05-789-96—എസ്.സി.എസ്.പി.(മുനിസിപ്പാലിറ്റി)

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.5786 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നം. 15)

2217-05-796-97—ടി.എസ്.പി.(മുനിസിപ്പാലിറ്റി)

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 35.08 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നം. 16)

2217-05-796-96—ടി.എസ്.പി.(മുനിസിപ്പാലിറ്റി)

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 52.62 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക 11 മുതൽ 16 വരെയുള്ളതിന്മേൽ)**

2020-21 സാമ്പത്തിക വർഷത്തിൽ 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സ്പാർക്ക് റാങ്കിംഗിൽ കേരളത്തിന് മൂന്നാം സ്ഥാനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപ അധികമായി ലഭ്യമായതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ അധികം ധനാഭ്യർത്ഥന ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക നം. 17)

2217-80-001-99-45—(പി.ഒ.എൽ)

ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ (സാധാ) നം. 1116/2021/ധന തീയതി 9-2-2021 പ്രകാരം 25,000 രൂപ പ്രസ്തുത ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിരുന്നു. ആയത് പ്രകാരം ടി ശീർഷകത്തിൽ ആകെ ലഭ്യമായ 1,69,000 രൂപയിൽ 1,67,213 രൂപ ചെലവാകുകയുണ്ടായി.

ശിപാർശ (ഖണ്ഡിക നം. 18)

2217-80-001-99-05—(ഓഫീസ് ചെലവുകൾ)

2. വൈദ്യുതചെലവ്

വൈദ്യുതി ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം വൈദ്യുതി ചെലവിനുള്ള ശീർഷകത്തിൽ 2,70,000 രൂപ അനുവദിച്ചിരുന്നു. സ.ഉ (സാധാ) നം. 1116/2021/ധന തീയതി 09/02/2021 പ്രകാരം 1,25,000 രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുകയുണ്ടായി. ടി ശീർഷകത്തിൽ ആകെ ലഭ്യമായ 3,95,000 രൂപയിൽ 2,96,448 രൂപ ചെലവഴിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക നം. 19)

2217-80-001-95—(കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ)

നിലവിലുള്ള ഡെസ്ക്ടോപ്പുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 8 ലക്ഷം രൂപയിൽ 6.093 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുകകളൊന്നും തന്നെ അനുവദിക്കേണ്ടിവന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 20)</u>

2217-80-001-92—<u>(നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും)</u>

നിലവിലെ ട്രെയിനിംഗ് ഷെഡ്യൂളിന് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 25 ലക്ഷം രൂപയിൽ 23.22 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുകകളൊന്നും തന്നെ അനുവദിക്കേണ്ടിവന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 21)</u>

2217-80-001-91—<u>(മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന)</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 550 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 8-3-2021-ലെ ജി.ഒ. (ആർ.റ്റി) നം. 2166/2021/ധന. നമ്പർ ഉത്തരവ് പ്രകാരവും 19-3-2021-ലെ ജി.ഒ. നം.2594/2021/ധന. നമ്പർ ഉത്തരവ് പ്രകാരവും പെൻഷൻ അലോട്ട്മെന്റിനത്തിൽ യഥാക്രമം 150 കോടി രൂപയും 50 കോടി രൂപയും അധിക തുകയായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റായി 2020-21

സെക്കന്റ് ബാച്ചായി 100 കോടി രൂപയും അനുവദിക്കുകയുണ്ടായി. എന്നാൽ ടി തുകകൾ റിലീസ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നം. 22)

2217-80-003-96—(പുതുതായി രൂപീകരിച്ച നഗരപാലിക സ്ഥാപനങ്ങളിലെ അക്കൗണ്ടിം ഗ് നവീകരണം നടപ്പാക്കൽ)

പുതുതായി രൂപീകരിച്ച നഗരസഭകളിലെ അക്കൗണ്ടിംഗ് നവീകരണ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുള്ള അക്കൗണ്ട് ഓഫീസർമാരുടെയും ഐ.ടി. ഓഫീസർ മാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 30 ലക്ഷം രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അഡീഷണൽ ഓതറൈസേഷനായി [(01/02/2021) തീയതിയിലെ ജി.ഒ. (ആർ.ടി) നം. 864/2019/ധന നമ്പർ ഉത്തരവ്] 5.50 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ആയതിൽ നിന്നും 2020-21 സാമ്പത്തിക വർഷം ആകെ 35.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നം. 23)

2217-80-800-76—അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി (സംസ്ഥാന പദ്ധതി)

ക്ഷീരകർഷകർക്കുള്ള പദ്ധതി PMAY-LIF/AUEGS സംയോജനം IHHL Scheme /AUEGS സംയോജനം എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുള്ളതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 75 കോടി രൂപയും അധിക ധനാനുമതി മുഖേന 30.21 കോടി രൂപയും ചേർത്ത് ആകെ 105.21 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ നിന്നും 104.21 കോടി രൂപ ടി പദ്ധതിയുടെ കീഴിലുള്ള വിവിധ പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നം. 24)

2217-80-800-62—(ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് കെ.യു.ആർ.ഡി.എഫ്.സി. നൽകേണ്ട പലിശയുള്ള സഹായധനം)

നഗരമേഖലയിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട ലൈഫ് പി.എം.എ.വൈ.(അർബൻ) പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 50 കോടി രൂപയായിരുന്നു. ചെലവ് 71.56 കോടി രൂപയുമായിരുന്നു. ആയതിനാൽ 21.56 കോടി രൂപയാണ് അധികമായി വേണ്ടി വന്നത്. ഈ തുക ജി.ഒ (ആർ.ടി) നം. 3819/2021/ഫിൻ തീയതി 30-4-2021 ഉത്തരവ് പ്രകാരം ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തുകയുണ്ടായി.

ശിപാർശ (ഖണ്ഡിക നം. 25)

4217-60-051-95—സമ്പൂർണ്ണ ഭവന പദ്ധതി - നഗരം (ലൈഫ് പാർപ്പിട മിഷൻ)

നഗരമേഖലയിൽ ലൈഫ് മിഷന്റെ മൂന്നാം ഘട്ടപദ്ധതിയായ ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 140 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക നം. 36)

2515-00-001-91—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം-മേൽനോട്ടം

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗം ഓഫീസുകളിലെ സ്ഥലംമാറ്റ ബത്ത, അവധിയാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 37)</u>

<u>2515-00-001-86 (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ)</u>

ഇ-ഗവേർണൻസിന്റെ ഭാഗമായി എഞ്ചിനീയർമാർക്ക് ടാബ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുന്നതിനും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിലേയ്ക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക നം. 38)</u>

2515-00-101-63—<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ 02-01 (വേജസ്)</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 45,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നം. 39)</u>

2515-00-003-44—<u>മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങൾ</u>

കൊട്ടാരക്കര വികസന കേന്ദ്രത്തിലെ വനിതാഹോസ്റ്റൽ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനും മറ്റ് വികസന പരിശീലന കേന്ദ്രങ്ങൾക്കുമുള്ള റിപ്പയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശിർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 40)

2515-00-800-74—പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

പി.എം.ജി.എസ്.വൈ III-ന്റെ ആദ്യഘട്ടത്തിലെ പ്രവൃത്തികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ കേന്ദ്രവിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 80 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 41)

4515-00-800-98(03)—പി.എം.ജി.എസ്.വൈ പദ്ധതിക്കുള്ള അധിക സംസ്ഥാന വിഹിതം

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 27.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 42)

4515-00-800-97—പ്രാദേശികമായി മുൻഗണനാ പ്രവൃത്തികൾ

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം മുതൽ സർക്കാർ നിർത്തലാക്കിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലും മുൻ വർഷങ്ങളിലും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഇപ്പോഴും ലഭ്യമായിക്കൊണ്ടിരിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. 2019-20 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ലെങ്കിലും അധിക ധനാനുമതി മുഖേന 1,45,31,000 രൂപ അനുവദിച്ച് നൽകിയതായും സമിതി നിരീക്ഷിക്കുന്നു. മേൽ പദ്ധതി പ്രകാരമുള്ള ഭരണാനുമതി ലഭിച്ച

നിരവധി നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനാലും നിലവിൽ വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 4515-00-800-97 (Priority Works in Local Areas) എന്ന ശീർഷകത്തിൽ തുകയൊന്നും ലഭ്യമായിരുന്നില്ല. എന്നാൽ അധിക ധനാനുമതി മുഖേന 172,68,000 രൂപ അനുവദിക്കുകയും ഇതിൽ 15,870,130 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 43)

4515-00-800-96—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 4515-00-800-96 Project Under LAC-ADS എന്ന ശീർഷകത്തിൽ 172,10,00,000 രൂപ അനുവദിക്കുകയും അധിക ധനാനുമതി മുഖേന 224,00,00,000 രൂപ ലഭ്യമായിട്ടുള്ളതുമാണ്. 394,18,87,931 രൂപ ടി പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 44)

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.40 കോടി രൂപയും കേന്ദ്ര വിഹിതമായി 3.6 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 45)

പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) കേന്ദ്രാവിഷ്കൃത പദ്ധതി

2501-06-197-48(10) ജനറൽ, 2501-06-789-98(10) (എസ്.സി.പി.), 2501-06-796-98 (ടി.എസ്.പി.)

പി.എം.എ.വൈ(ജി) ഭവന പദ്ധതി പ്രകാരം അനുവദിച്ചിട്ടില്ലാത്ത വീടുകൾ ആവാസ് പ്ലസിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 96.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക നമ്പർ 46)

2515-00-102-37—പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ) വാട്ടർഷെഡ് കമ്പോണന്റ്

അടുത്ത സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ പുതിയ പദ്ധതികൾ അനുവദിക്കുന്നതിനാലും നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു തുക ഇനിയും ലഭ്യമായിട്ടില്ലാത്തതിനാലും നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 6 കോടി രൂപയും കേന്ദ്ര വിഹിതമായി 9 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2515-00-102-37-01 എന്ന ശീർഷകത്തിൽ 8,63,90,000 രൂപ അധിക ധനാനുമതിയായി (7179/2020/ഫിൻ. തീയതി 10-12-2020) ലഭ്യമാക്കിയിട്ടുണ്ട്.

2515-00-102-37-02—എന്ന ശീർഷകത്തിൽ 13,83,50,000 രൂപ അധിക ധനാനുമതിയായി (7179/2020/ഫിൻ. തീയതി 10-12-2020) ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 47)

2515-00-102-35—(നാഷണൽ റർബൻ മിഷൻ) (എൻ.ആർ.യു.എം.)

നാഷണൽ റർബൻ മിഷന്റെ 3 ഘട്ടങ്ങളിലായുള്ള പദ്ധതികൾ 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 105 കോടി രൂപയും സംസ്ഥാന വിഹിതമായി 70 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

40,00,000 രൂപ അധിക ധനാനുമതിയായി (800/2021/ഫിൻ തീയതി 29-1-2021) ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നമ്പർ 48)

2515-00-102-30 (ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം)

ഗ്രാമീണ മേഖലയിൽ ഹഡ്കോയിൽ നിന്ന് അനുവദിച്ചിട്ടുള്ള വായ്പതുകയുടെ പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 160 കോടി രൂപയായിരുന്നു. ചെലവ് 175.43 കോടി രൂപയുമായിരുന്നു. ആയതിനാൽ 15.43 കോടി രൂപയാണ് അധികമായി വേണ്ടിവന്നത്. ഈ തുക ജി.ഒ.(ആർ.ടി.) നം.3717/2021/ഫിൻ തീയതി 26.04.2021 ഉത്തരവ് പ്രകാരം ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തുകയുണ്ടായി.

ശിപാർശ (ഖണ്ഡിക നമ്പർ 49)

2515-00-197-36-01—(പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം)

2020-21 സാമ്പത്തിക വർഷത്തിൽ കല്ല്യാശ്ശേരി പനമരം-കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 50)</u>

2515-00-800-48— <u>(കുടുംബശ്രീ)</u>

2016-17-ലെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മൂന്ന് ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്കാണ് 4% പലിശ സബ്സിഡി നൽകിയിരുന്നത് അർഹരായവർക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ മുഴുവൻ പലിശ സബ്സിഡിയും നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 58 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 51)</u>

4515-00-102-49—<u>സമ്പൂർണ്ണ ഭവന പദ്ധതി - ഗ്രാമം (ലൈഫ് പാർപ്പിട മിഷൻ)</u>

2020-21 സാമ്പത്തിക വർഷത്തിൽ ഭൂരഹിത ഭവനരഹിതരിൽ എസ്.സി./എസ്.ടി., ഫിഷറീസ് വിഭാഗമൊഴികെയുള്ള ഭൂമി അർഹിക്കുന്ന ഭൂരഹിത ഗുണഭോക്താക്കൾക്ക് പുതുതായി വീടുകൾ നൽകുന്നതിന് ഏകദേശം 167 കോടി രൂപയും ഭൂരഹിതർക്കുള്ള ഭവനസമുച്ചയ നിർമ്മാണത്തിന് 613 കോടി രൂപയും ആവശ്യമുള്ളതായി സമിതി നിരീക്ഷിക്കുന്നു. കൂടാതെ ലൈഫ് മിഷൻ ചെലവുകൾക്കായി 11 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ ആവശ്യമാണ്. ആയതിനാൽ പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ 380 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 52)</u>

4515-00-103-97—<u>(മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)</u>

കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന 2020-21 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് പ്രകാരം സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ ആകെ ചെലവിന്റെ 35 ശതമാനം പ്രതീക്ഷിക്കുന്നതിനാൽ മേൽ പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 62.59 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത തുക ഉപധനാഭ്യർത്ഥന വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 10 മുതൽ 25 വരെയും ഖണ്ഡിക നമ്പർ 36 മുതൽ 52 വരെയുമുള്ള ശിപാർശകളിൻമേൽ സർക്കാർ കത്ത് നം. FM2/108/2020-LSGD തീയതി 25-10-2022 പ്രകാരം തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിൽ നിന്നും ലഭിച്ച നടപടിപത്രികകൾ സമിതിയുടെ 30-11-2022-ലെ യോഗം അംഗീകരിക്കുകയും ആയതിൻമേലുള്ള കാലതാമസപത്രിക 6-12-2022 തീയതിയിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്. (കാലതാമസപത്രിക സഹിതം)</u>

(ഫ.നം. 11982/സബ്.സി.ഡി1/2021/നി.സെ.)

<u>ശിപാർശ (ഖണ്ഡിക നം. 44)</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ചെയ്തതിന് വേതനം ലഭിക്കാനുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട വേതന കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം ആകെ ആവശ്യമായിരുന്ന തുക 3901.18 ലക്ഷം രൂപയായിരുന്നു. അതിൽ 3397 ലക്ഷം രൂപ 2021-2022 വർഷം തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷന് അനുവദിച്ചു നൽകിയിരുന്നു. ശേഷിച്ച 5,04,18,000 രൂപയിൽ 4,64,77,290 രൂപ 2021-22 വർഷം തന്നെ മിഷന് അനുവദിച്ച് ഉത്തരവായെങ്കിലും ട്രഷറി നിയന്ത്രണം കാരണം പാസ്സായിരുന്നില്ല. 2022-23 വർഷം കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടായിരുന്ന 5,04,18,000 രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ഇ 2/169/2021/പജവപവിവ തീയതി 20-10-2022 പ്രകാരം ലഭ്യമായ മേൽനടപടി റിപ്പോർട്ട് 30-11-2022-ലെ സമിതി യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 6-12-2022 തീയതിയിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ 5, 12 എന്നിവയിന്മേൽ ഭവനനിർമ്മാണ വകുപ്പിൽ നിന്നും 25 മുതൽ 28 വരെയുള്ള ശിപാർശകൾക്ക് പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പിൽ നിന്നും 1 മുതൽ 4 വരെയും, 7 മുതൽ 10 വരെയും ശിപാർശ 45 എന്നിവയിലും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതിയുടെ 30-6-2022-ലെ യോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു. ശിപാർശകളുടെയും മറുപടിയുടെയും വിശദാംശം 13-7-2022-ന് സഭയിൽ സമർപ്പിച്ച 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എം. ബി. രാജേഷ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11.

**അനുബന്ധം**

## 12-4-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 ഏപ്രിൽ 12-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ മന്ത്രി ശ്രീ. കെ. രാജൻ, ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീമതി കാനത്തിൽ ജമീല
2. ശ്രീ. എ.സി. മൊയ്തീൻ
3. ശ്രീ. വി.കെ. പ്രശാന്ത്
4. ശ്രീ. ടി. ജെ. വിനോദ്

ഓൺലൈനായി പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. എൻ. കെ. അക്ബർ,
2. ശ്രീ. റോജി. എം. ജോൺ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്.
2. ഡോ. ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

3. ശ്രീമതി കെ. എസ്. ഉഷ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക്ക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. അബ്ദുൾ നാസർ ബി. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം.
6. ശ്രീ. സജീവ് പി. പി., ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്.
7. ശ്രീ. അരുൺ കെ. വിജയൻ, ഡയറക്ടർ (അർബൻ) അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
8. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ (റൂറൽ), പഞ്ചായത്ത് വകുപ്പ്.
9. ശ്രീ. ഡി. ബാലമുരളി, കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്.
10. ശ്രീ. പി. ബി. നൂഹ്, സി.ഇ.ഒ., ലൈഫ് മിഷൻ.
11. ശ്രീ. സന്ദീപ് കെ. ജി., ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.
12. ശ്രീ. പ്രമോദ് കുമാർ സി.പി., ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ (പ്ലാനിംഗ്) ഡിപ്പാർട്ട്മെന്റ്.
13. ശ്രീ. രഞ്ചൻ രാജ് ആർ. പി., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
14. ശ്രീ. കെ.ടി. ബാലഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
15. ശ്രീമതി റ്റി. എൻ. സീമ, കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി.
16. ശ്രീമതി ഇന്ദു എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മപദ്ധതി.
17. ശ്രീമതി ചിന്നു ഉത്തര സക്കറിയ, പ്രോഗ്രാം ഓഫീസർ, ശുചിത്വ മിഷൻ.
18. ശ്രീ. ബിജോയി കെ. വർഗീസ്, എംപവേർഡ് ഓഫീസർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.
19. ശ്രീ. ദിലീപ് പി., ഫിനാൻസ് കൺട്രോളർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

20. ശ്രീ. കുമാർ ബി., സീനിയർ ജോയിന്റ് ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ്.

21. ശ്രീ. കെ. ഹരികുമാർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

22. ശ്രീ. ലാസർ എ., ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആൻഡ് പ്രോഗ്രാം ഓഫീസർ, മഹാത്മാഗാന്ധി എൻ. ആർ. ഇ.ജി. എസ്. സ്റ്റേറ്റ് മിഷൻ.

23. ശ്രീ. കെ. എസ്. അബ്ദുൾ സലീം, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്,

24. ശ്രീമതി ഷെർളി പോൾ കാട്ടൂക്കാരൻ, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ.

25. ശ്രീമതി ഗീത കൃഷ്ണൻ കെ. എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

26. ശ്രീമതി കൃഷ്ണപ്രിയ ഡി., ചീഫ് ഫിനാൻസ് ഓഫീസർ, കുടുംബശ്രീ.

27. ശ്രീമതി ലേഖ എ., സീനിയർ ഫിനാൻസ് ഓഫീസർ, തദ്ദേശസ്വയംഭരണ (പ്ലാനിംഗ്), ഡിപ്പാർട്ട്മെന്റ്.

28. ശ്രീ. അജി ഫ്രാൻസിസ്, സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

29. ശ്രീ. കെ. അനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ്.

30. ശ്രീമതി പ്രസീദ യു.വി., ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXII, XXVIII, XXXV, XXXVI എന്നീ ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധനയ്ക്കായി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXII- നഗരവികസനം**

2217-05-051-98—<u>പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം.</u>

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിടനിർമ്മാണം പദ്ധതി പ്രകാരം ഒരു നഗരസഭയ്ക്ക് 3 കോടി രൂപാ നിരക്കിൽ 5 നഗരസഭകൾക്ക് ആകെ 15 കോടി രൂപ ആവശ്യമായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99—<u>ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്</u>

05-2— <u>ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

വിഹിതം:-2,98,000 രൂപ (പദ്ധതിയേതരം)

നഗരകാര്യ ഡയറക്ടറേറ്റിലെ വൈദ്യുതി ചെലവിനുള്ള തുകയും കൊല്ലം, കോഴിക്കോട് മേഖലാ കാര്യാലയങ്ങളിലെ വൈദ്യുതി ചാർജ്ജ് ഏകീകൃത സംവിധാനം വഴി മേൽ ശീർഷകത്തിൽ നിന്നും ഒടുക്കുന്നതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99—<u>ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്</u>

45—പി.ഒ.എൽ.

വിഹിതം:-1, 58,000 രൂപ (പദ്ധതിയേതരം)

നഗരകാര്യ ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 40,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-98—<u>റീജിയണൽ ആഫീസുകൾ</u>

97- <u>വാഹനങ്ങളുടെ വാടക</u>

വിഹിതം:-1,000 രൂപ (പദ്ധതിയേതരം)

നഗരകാര്യ വകുപ്പിന്റെ കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലാ ഓഫീസുകളിലെ വാഹനങ്ങളുടെ വാടക ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-95—<u>കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ-വിവരസാങ്കേതികവിദ്യ</u>

വിഹിതം : 9,00,000 രൂപ (പദ്ധതി)

നഗരകാര്യ വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-92—<u>നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും</u>

വിഹിതം : 20,00,000 രൂപ (പദ്ധതി)

നഗരകാര്യ വകുപ്പിലെയും നഗരസഭ ഓഫീസുകളിലെയും ജീവനക്കാരുടെ സേവന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിനായി നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന.</u>

വിഹിതം : 50,00,00,000 (പദ്ധതിയേതരം)

നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പു തുക പര്യാപ്തമല്ലാത്തതിനാൽ നഗരസഭകൾക്ക് അലോട്ട്മെന്റ് നൽകുവാൻ കഴിയുന്നില്ല. ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 650.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-76—<u>അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി</u>

വിഹിതം : 125,00,00,000 രൂപ (പദ്ധതി)

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ വേതനം നൽകുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-62—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള സഹായധനം.

വിഹിതം : 66,75,00,000 രൂപ (പദ്ധതി)

ലൈഫ്-പി.എം.എ.വൈ. (അർബൻ) ഗുണഭോക്താക്കൾക്ക് 2022-23 സാമ്പത്തിക വർഷം ഹഡ്കോ ലഭ്യമാക്കിയ ലോണിന് നൽകേണ്ട പലിശയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 6.79 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4217-60-051-95 —സമ്പൂർണ്ണ ഭവന പദ്ധതി - നഗരം (ലൈഫ് - പാർപ്പിട മിഷൻ)

വിഹിതം - 192,00,00,000 രൂപ (പദ്ധതി)

ലൈഫ് പാർപ്പിട മിഷൻ പദ്ധതിയുടെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ഭവന സമുച്ചയങ്ങൾക്കും നിർമ്മാണം ആരംഭിക്കുന്ന 9 ഭവന സമുച്ചയങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 11.00 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4217-60-051-94—വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾ)

വിഹിതം - 1000 രൂപ (പദ്ധതിയേതരം)

വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദ വിവരങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXVIII

## പലവക സാമ്പത്തിക സർവ്വീസുകൾ

3454-02-111-95—ജനന മരണ സ്ഥിതി വിവരക്കണക്കുകൾ രജിസ്റ്ററാക്കൽ

01-1 —ശമ്പളം

വിഹിതം : 1,22,50,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 27.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 13,50,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—<u>വീട്ടുവാടക അലവൻസ്</u>

വിഹിതം : 10,41,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ജീവനക്കാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-111-94—<u>ജനന മരണ വിവാഹ രജിസ്ട്രേഷൻ</u>

01-1—ശമ്പളം

വിഹിതം : 17,25,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 2,07,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.93 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—<u>വീട്ടുവാടക അലവൻസ്</u>

വിഹിതം : 1,64,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാരുടെ വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 61,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന XXXV - പഞ്ചായത്ത്**

2515-00-001-99—<u>മേൽനോട്ടം</u>

01-1—<u>ശമ്പളം</u>

വിഹിതം : 7,52,51,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും കുടിശ്ശികയും നല്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.4749 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 90,30,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 70.22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-3—<u>വീട്ടുവാടക അലവൻസ്</u>

വിഹിതം : 74,51,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക അലവൻസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—<u>വേതനം</u>

വിഹിതം : 4,20,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്

വിഹിതം : 2,25,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറുടെ ആഫീസിലെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള ചെലവ് വഹിക്കുന്നതിന് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ, മേൽ ശീർഷകത്തിൽ 7.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—മറ്റിനങ്ങൾ

വിഹിതം : 5,32,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡയറക്ടറുടെ ആഫീസ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിനോടനുബന്ധിച്ചുള്ള വിവിധ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 4.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും.

വിഹിതം : 2,36,000 രൂപ (പദ്ധതിയേതരം)

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം : 3,85,000 രൂപ (പദ്ധതിയേതരം)

വാഹനങ്ങളുടെ ഇന്ധന ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-97—<u>ജില്ലാഭരണം</u>

01-1—<u>ശമ്പളം</u>

വിഹിതം : 56,90,17,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3.0983 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 6,82,82,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.0718 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-5—<u>മറ്റു അലവൻസുകൾ</u>

വിഹിതം : 35,57,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് മറ്റു അലവൻസുകൾ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 9.43 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02-1—വേതനം - ശമ്പളം

വിഹിതം : 24,91,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.09 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം : 7,09,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ വൈദ്യുതി ചെലവ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—<u>മറ്റിനങ്ങൾ</u>

വിഹിതം : 20,50,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ മറ്റിനങ്ങൾക്കുള്ള ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—<u>വാടക, കരം, നികുതി</u>

വിഹിതം: 2,85,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിനു കീഴിലുള്ള കണ്ണൂർ ജില്ലാ ആഫീസിന്റെ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും മറ്റ് ഓഫീസുകളിലെ അതത് വർഷത്തെ വാടക, കരം, നികുതി എന്നിവയ്ക്കുള്ള ചെലവിനുമായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45— <u>പി.ഒ.എൽ.</u>

വിഹിതം: 9,45,000 രൂപ (പദ്ധതിയേതരം)

വർദ്ധിച്ച ഇന്ധന വിലയ്ക്ക് അനുസൃതമായി 10 ജില്ലകളിലെ ഓഫീസ് വാഹനങ്ങൾക്ക് ആവശ്യമായ ഇന്ധന ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-92—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം-നടത്തിപ്പ്</u>

വിഹിതം: 292,76,01,000 രൂപ (പദ്ധതിയേതരം)

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (നടത്തിപ്പ്) വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ

മേൽ ശീർഷകത്തിൽ 24.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-91—തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽ നോട്ടം

വിഹിതം - 15,05,38,000 രൂപ (പദ്ധതിയേതരം)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ ശമ്പളം, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ക്ഷാമബത്ത, കൺസോളിഡേറ്റഡ് പേ, സ്ഥലംമാറ്റ ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.4922 കോടി രൂപ ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-90—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം (യഥാർത്ഥത്തിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെട്ടിരുന്ന തസ്തികകൾക്കുള്ള ചെലവ് )

വിഹിതം: 64,45,48,000 രൂപ (പദ്ധതിയേതരം)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 12.16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-86—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർ വൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

വിഹിതം - 2,25,00,000 രൂപ (പദ്ധതി)

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണവുമായി ബന്ധപ്പെട്ടുള്ള വകുപ്പിന്റെ ഓഫീസ് ഷിഫ്റ്റിംഗ്, ഓഫീസ് ക്രമീകരണം, ഇന്റേണൽ ട്രെയിനികളുടെ നിയമനവുമായി ബന്ധപ്പെട്ട വേതനം, റീജണൽ ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, എഞ്ചിനീയർമാർക്ക് ടാബ്, ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കൂടാതെ ഇ-ഓഫീസിന്റെ ഭാഗമായി സ്കാനറുകൾ വാങ്ങുന്നതിനും ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് പ്രവർത്തികൾക്കുമായി ബഡ്ജറ്റിൽ

വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6.8655 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-85—ഇൻഫർമേഷൻ കേരള മിഷൻ-വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ

99—വിവരസാങ്കേതികവിദ്യ

വിഹിതം: 8,00,00,000 രൂപ (പദ്ധതി)

ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസ് നവീകരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമഗ്ര ഓൺലൈൻ സേവന വിതരണ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ നടത്തിപ്പിനുമായും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-98—പഞ്ചായത്ത്‌രാജ് ജേർണലിന്റെ പ്രസിദ്ധീകരണം.

07—പ്രസിദ്ധീകരണങ്ങൾ

വിഹിതം : 2,86,000 രൂപ (പദ്ധതിയേതരം)

പഞ്ചായത്ത്‌രാജ് മാസികയുടെ വരിസംഖ്യയും മറ്റിനങ്ങളും ചേർത്ത് ആകെ ലഭിക്കുന്ന വാർഷിക വരുമാനത്തേക്കാൾ ചെലവ് കൂടുതലായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1242 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-56

56—രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ(60% സി.എസ്.എസ്)

(01)—രാഷ്ട്രീയഗ്രാമസ്വരാജ് അഭിയാൻ

(60% സി.എസ്. എസ്-കേന്ദ്രവിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

(02)—രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ

(40% എസ്.എസ്.-സംസ്ഥാന വിഹിതം)

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയിൻ കീഴിലെ സാങ്കേതിക- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 7.39 കോടി രൂപയും സംസ്ഥാന വിഹിതമായി 4.9267 കോടി രൂപയും ഉൾപ്പെടെ ആകെ 12.3167 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-94—റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം- സഹായ ധനം

വിഹിതം:-1,000 രൂപ (പദ്ധതിയേതരം)

വക്കം, കറുകുറ്റി, മുതുതല, കുറ്റിപ്പുറം, തലക്കാട്, അഴിയൂർ, ഒഞ്ചിയം, മാടായി എന്നീ പഞ്ചായത്തുകളിലെ റെയിൽവേ ലെവൽ ക്രോസ് അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.2080094 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-74—പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന

(01)—കേന്ദ്രവിഹിതം

വിഹിതം 150,00,00,000 രൂപ (പദ്ധതി)

(02)—സംസ്ഥാന വിഹിതം

വിഹിതം:-100,00,00,000 രൂപ (പദ്ധതി)

പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പ്രകാരം റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 150 കോടി രൂപയും സംസ്ഥാന വിഹിതമായി 100 കോടി രൂപയും ഉൾപ്പെടെ ആകെ 250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98— പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം

(03)—അധിക സംസ്ഥാന വിഹിതം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 65.95 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-97—<u>പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ</u>

വിഹിതം - ഇല്ല.

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം സർക്കാർ നിർത്തലാക്കിയിരുന്നെങ്കിലും ടി വർഷത്തിലും അതിനു മുമ്പും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഒടുക്കേണ്ടതുണ്ട്. മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ഒരു കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-96—<u>നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി</u>

വിഹിതം: 300,00,00,000 രൂപ (പദ്ധതിയേതരം)

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകൾ ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-92—<u>വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ</u>

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

2022-23 സാമ്പത്തിക വർഷത്തിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 കോടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന XXXVI—ഗ്രാമവികസനം**

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(11)—പ്രധാനമന്ത്രി ആവാസ് യോജന (പി. എം. എ. വൈ. ഗ്രാമീണ) (60% സി.എസ്.എസ് കേന്ദ്രവിഹിതം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

(12)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ) (40% എസ്. എസ്) സംസ്ഥാന വിഹിതം

വിഹിതം:10,00,00,000 രൂപ (പദ്ധതി)

2501-06-789-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.(ഗ്രാമീണ) (60% സി.എസ്.എസ്.)

(01)—പി.എം.എ.വൈ ഗ്രാമീൺ) പട്ടികജാതി ഉപപദ്ധതി (60% സി.എസ്.എസ്) കേന്ദ്ര വിഹിതം

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

(02)—പി. എം.എ.വൈ (ഗ്രാമീൺ) പട്ടികജാതി ഉപപദ്ധതി(60% സി.എസ്. എസ്)സംസ്ഥാന വിഹിതം.

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

2501-06-796-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)

(01)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) പട്ടികവർഗ്ഗ ഉപപദ്ധതി (60% സി.എസ്. എസ്) കേന്ദ്രവിഹിതം

വിഹിതം:3,00,00,000 രൂപ (പദ്ധതി)

(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ ഗ്രാമീണ) പട്ടികവർഗ്ഗ ഉപപദ്ധതി (60% സി.എസ്. എസ്) സംസ്ഥാനവിഹിതം

വിഹിതം 2,00,00,000 രൂപ (പദ്ധതി).

2021-22 സാമ്പത്തിക വർഷം പി.എം.എ.വൈ പദ്ധതിയിൽ അനുവദിച്ച 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 71.9391768 കോടി രൂപയും സംസ്ഥാന

വിഹിതമായി 47.9594512 കോടി രൂപയും ഉൾപ്പെടെ ആകെ 119.8986280 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്.)

(01)—കേന്ദ്രവിഹിതം :3139,64,00,000 രൂപ (പദ്ധതി)

(02)—സംസ്ഥാന വിഹിതം : 75,00,000 രൂപ (പദ്ധതി)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം 2022-23 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 8.452 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-92—എം.ജി.എൻ.ആർ.ഇ.പി.ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

വിഹിതം:ഇല്ല

തൊഴിലില്ലായ്മ വേതനം കൃത്യ സമയത്ത് നൽകുന്നതിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ഇനത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-91—എം.ജി.എൻ.ആർ.ഇ.പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം.

വിഹിതം: ഇല്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരത്തിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ഇനത്തിൽ ഒരു ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-42—സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം

വിഹിതം : ഇല്ല.

"സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ ക്രമീകരണം" എന്ന പദ്ധതിയ്ക്കായി മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതി ഇനത്തിൽ 5.27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-35—നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) (60% സി.എസ്.എസ്.)

(01)—ദേശീയ റർബൻ മിഷൻ (60% സി.എസ്.എസ്.)

കേന്ദ്രവിഹിതം : 22,50,00,000 രൂപ (പദ്ധതി)

(02)—ദേശീയ റർബൻ മിഷൻ (40% എസ്.എസ്)

സംസ്ഥാനവിഹിതം: 15,00,00,000 രൂപ (പദ്ധതി)

നാഷണൽ റർബൻ മിഷൻ സ്കീം പദ്ധതി കാലാവധി 2023 മാർച്ച് മാസത്തിൽ അവസാനിക്കുന്നതിനാൽ മുഴുവൻ ക്ലസ്റ്ററുകളിലേയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 94.5 കോടി രൂപയും സംസ്ഥാന വിഹിതമായി 63 കോടി രൂപയും ഉൾപ്പെടെ ആകെ 157.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-33—ഹരിത കേരള മിഷൻ (ഗ്രാമം)

വിഹിതം :7,50,00,000 രൂപ (പദ്ധതി)

ഹരിതകേരളം മിഷൻ ഉൾപ്പെടെ എല്ലാ ഉപമിഷനുകളിലും ഉൾപ്പെട്ട 88 ഉദ്യോഗസ്ഥരുടെ ശമ്പളം, കെട്ടിട വാടക ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ, 4 മിഷനുമായി ബന്ധപ്പെട്ട പ്രവർത്തന പരിപാടികൾക്കുള്ള ഐ.ഇ.സി തുക, കേരളത്തിലെ എല്ലാ വികസന ബ്ലോക്കുകളും ലക്ഷ്യമാക്കി നവകേരളം പദ്ധതി നടപ്പിലാക്കുന്നതിന് റിസോഴ്സ് പേഴ്സൺ (ആർ.പി.) മാരുടെ സേവനം ഉറപ്പാക്കുക, നാല് മിഷനുകളുമായി ബന്ധപ്പെട്ട മാതൃകാ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-30—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള ധനസഹായം

വിഹിതം: 207,07,00,000 രൂപ (പദ്ധതി)

ഹഡ്കോയുടെ വായ്പാ ഇനത്തിലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 16.97 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-29—കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ

വിഹിതം : 260,00,00,000 രൂപ (പദ്ധതി)

കുടുംബശ്രീയുടെ തനത് പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 123 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-197-36—പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം.

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിടനിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം-(ലൈഫ്-പാർപ്പിട മിഷൻ)

വിഹിതം : 525,00,00,000 രൂപ (പദ്ധതി)

ലൈഫ് പാർപ്പിട പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 254.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം.

(01)—പ്രവർത്തികൾ

വിഹിതം : ഇല്ല

തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റും അഞ്ചു വകുപ്പുകളും നന്തൻകോടുള്ള സ്വരാജ് ഭവൻ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും ഓഫീസുകളുടെ പുനഃക്രമീകരണത്തിനുമായി മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ പദ്ധതി ഇനത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-103-97—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്)

(01)—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75% സി.എസ്.എസ്.) കേന്ദ്ര വിഹിതം

വിഹിതം : 688,05,00,000 രൂപ (പദ്ധതി)

(02)—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75% സി.എസ്.എസ്.) സംസ്ഥാന വിഹിതം

വിഹിതം: 229,35,00,000 രൂപ (പദ്ധതി)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധന ഘടക ചെലവ് ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 183.38 കോടി രൂപയും സംസ്ഥാന വിഹിതമായി 61.12 കോടി രൂപയും ഉൾപ്പെടെ ആകെ 244.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സമിതി യോഗം വൈകുന്നേരം 3.40-ന് അവസാനിച്ചു.

## 19-4-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 ഏപ്രിൽ 19-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. റവന്യു-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിയുമായ ശ്രീ. വി. അബ്ദുറഹിമാൻ, താഴെപ്പറയുന്ന അംഗങ്ങൾ എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി. കാനത്തിൽ ജമീല

3. ശ്രീ. എ.സി. മൊയ്തീൻ

4. ശ്രീ. വി.കെ. പ്രശാന്ത്

5. ശ്രീ. ടി. ജെ. വിനോദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. സജീവ് പി. പി., ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്.

2. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.

3. ശ്രീ. ജാഫർ എ. ജി., ഡയറക്ടർ ഓഫ് മൈനോരിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്.

4. ശ്രീ. ദേവീദാസ് എൻ., ഹൗസിംഗ് കമ്മീഷണർ ആൻഡ് സെക്രട്ടറി കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

5. ശ്രീ. സുനിൽ ചാക്കോ, മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് മൈനോരിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.

6. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക്ക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.

7. ശ്രീമതി കെ. ഷൈലശ്രീ, അഡീഷണൽ സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്.

8. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീ. കെ. പി. കൃഷ്ണകുമാർ, ചീഫ് എഞ്ചിനീയർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

10. ശ്രീമതി ഊർമ്മിള രാജ് യു., ചീഫ് എഞ്ചിനീയർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് (ടെക്നിക്കൽ സെൽ) ഡിപ്പാർട്ട്മെന്റ്.

11. ശ്രീ. ഹമീദ് പി. എം. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് മദ്രസ്സ ടീച്ചേഴ്സ് വെൽഫെയർ ഫണ്ട്, കോഴിക്കോട്.

12. ശ്രീ. ആർ. ജയൻ, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.

13. ശ്രീ. വാണീദാസ്, ജോയിന്റ് ഡയറക്ടർ, ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.

14. ശ്രീമതി ജെ. ശാന്തകുമാരി, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ,കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

15. ശ്രീമതി മിനിമോൾ വി. ജി. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

16. ശ്രീ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ്, തിരുവനന്തപുരം.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXI, XXV എന്നീ ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധനയ്ക്കായി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXI - ഭവനനിർമ്മാണം**

2216-05-053-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 22,15,00,000 രൂപ (പദ്ധതിയേതരം)

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പ്രത്യേക അറ്റകുറ്റപ്പണികൾ, വൈദ്യുത സാമഗ്രികളുടെ സംരക്ഷണം, കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക എന്നീ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3.00 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സാധാരണ അറ്റകുറ്റപ്പണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 1,30,00,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം നഗരത്തിലെ എല്ലാ മന്ത്രി മന്ദിരങ്ങളുടെയും അറ്റകുറ്റപ്പണികൾ, വൈദ്യുതസാമഗ്രികളുടെ സംരക്ഷണം, കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

01—ശമ്പളം

വിഹിതം : 46,01,000 രൂപ (പദ്ധതിയേതരം)

ഹൗസിംഗ് കമ്മീഷണറുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 23.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

വിഹിതം : 53,000 രൂപ (പദ്ധതിയേതരം)

ഹൗസിംങ് കമ്മീഷണറുടെ ഓഫീസ് അസിസ്റ്റന്റിന് വേതനം നൽകുന്നതിനും വൈദ്യുതി ചെലവിനത്തിലേയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.61 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കെട്ടിടത്തിനുള്ള മാസ വാടകയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21—<u>മോട്ടോർ വാഹനങ്ങൾ</u>

2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 5,000 രൂപ (പദ്ധതിയേതരം)

ANERT മുഖേന വാടകയ്ക്ക് എടുക്കുന്ന ഔദ്യോഗിക വാഹനത്തിനുള്ള ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.95 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26—<u>ഔദ്യോഗിക ഭാഷാ പ്രയോഗം</u>

വിഹിതം : 3,000 രൂപ (പദ്ധതിയേതരം)

ഔദ്യോഗിക ഭാഷാ പ്രചാരണാർത്ഥം കൂടുതൽ കാര്യപരിപാടികൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 27,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-93—<u>ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതി നിർവ്വഹണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-92—<u>കേരളത്തിൽ ഭവനപദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കൽ</u>

വിഹിതം : 5,00,000 രൂപ (പദ്ധതി)

കേരളത്തിൽ ചെലവ് കുറഞ്ഞ ഭവന പദ്ധതികൾക്കായി മാതൃക രൂപീകരിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, ഫിനിഷിംഗ് സ്കൂൾ, സ്കൂൾ ഓഫ് ഡിസൈൻ & സ്കൂൾ ഓഫ് മാനേജ്മെന്റ്, അവയർനെസ് & പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)—സഹായധനം

36—സഹായധനം, ശമ്പളേതരം

വിഹിതം : 85,65,000 രൂപ (പദ്ധതിയേതരം)

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവന നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(09)—മൈത്രി ഭവന പദ്ധതി

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്കുള്ള ഭവന വായ്പാ പദ്ധതി, സൗഹൃദം പാർപ്പിട പദ്ധതി, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിലെ ഭവന പദ്ധതിക്കുള്ള ഹയർ പർച്ചേസ് വായ്പാ പദ്ധതി, സൗഹൃദം പാർപ്പിട പദ്ധതി-സ്വന്തം സ്ഥലത്ത് ഭവന നിർമ്മാണത്തിനുള്ള വായ്പാ പദ്ധതി എന്നീ തനതു പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി

മൈത്രി ഭവന വായ്പാ പദ്ധതി റൈറ്റോഫ് ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 243 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(38)—ട്രെയിനിംഗ് പ്ലാൻ

വിഹിതം : 3,62,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ട്രെയിനിംഗ് പ്ലാൻ ആന്റ് ഓട്ടോമേഷൻ പദ്ധതിയോടും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനോടും അനുബന്ധിച്ച ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 6.13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

(03)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

16—വൻകിട മരാമത്തു പണികൾ

വിഹിതം : 1,54,45,000 രൂപ (പദ്ധതി)

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ വൻകിട മരാമത്തു പണികളിലെ കരാറുകാർക്ക് കൊടുത്തു തീർക്കുന്നതിനുള്ള കുടിശ്ശിക തുകയുൾപ്പെടെയുള്ള ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-94—സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിലുള്ള ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ചെലവുകൾ നേരിടുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13.67 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-700-85—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

(01)—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

വിഹിതം : ഇല്ല.

കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവിനായി പദ്ധതിയിനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-98—ഉദ്യോഗസ്ഥരുടെ പാർപ്പിടം

(60 ശതമാനം കേന്ദ്രവിഹിതം)

വിഹിതം : 5,63,00,000 രൂപ (പദ്ധതി)

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച കോട്ടയം ഗാന്ധിനഗർ, റാന്നി പഴവങ്ങാടി എന്നിവിടങ്ങളിൽ വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11.26 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-97—ആശ്വാസ് വാടക ഭവന പദ്ധതി

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

2019-2020, 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം ചെലവായ തുക അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത ചെലവ് നേരിടുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-94—കോഴിക്കോട് സ്ഥിതി ചെയ്യുന്ന ഭവന നിർമ്മാണബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ്

4216-80-201—എന്ന ശീർഷകത്തിൽ 94 എന്ന ഉപശീർഷകം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് കോഴിക്കോട് സ്ഥിതി ചെയ്യുന്ന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 4.00 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന XXV**

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-102-93—<u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—<u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>

31—സഹായധനം -ശമ്പളം

വിഹിതം : 1,60,59,000 രൂപ (പദ്ധതിയേതരം)

ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ., ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1950 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

വിഹിതം :27,66,000 രൂപ (പദ്ധതിയേതരം)

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിന്, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ് (പെൻഡിംഗ് ഉൾപ്പെടെ), ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള ചെലവ് വഹിക്കുന്നതിന് ബഡ്ജറ്റിൽ

അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 61.84 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.40 ന് അവസാനിച്ചു.

## 27-4-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. എ.സി. മൊയ്തീൻ
5. ശ്രീ. വി.കെ. പ്രശാന്ത്.

ഓൺലൈനായി പങ്കെടുത്ത അംഗം:

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 3.05-ന് അവസാനിച്ചു.

## 30-6-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 ജൂൺ 30-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയം ഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ. രാജനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി രുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.
2. ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.
3. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.
4. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
5. ശ്രീ. ടി. ജെ. വിനോദ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ദേവിദാസ് എൻ., ഹൗസിംഗ് കമ്മീഷണർ, ഭവനനിർമ്മാണ വകുപ്പ്.
2. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
4. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (വഖഫ്) വകുപ്പ്
5. ശ്രീമതി രേണുകാ ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)

7. ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്, തിരുവനന്തപുരം

8. ശ്രീ. നിസാർ എ., അണ്ടർ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

**വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്

3. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ കമ്മീഷൻ.

സമിതിയുടെ സാധൂകരണത്തിനുള്ള ചട്ടങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I) സാധൂകരണത്തിനുള്ള ചട്ടങ്ങൾ

1) കേരള സംസ്ഥാന വഖഫ് (ഭേദഗതി) ചട്ടങ്ങൾ, 2021

(എസ്.ആർ.ഒ. നം.838/2021) (കാലതാമസ പത്രിക സഹിതം)

(ഫയൽ നം.21467/സബ്.സി.ഡി1/2021/നി.സെ.)

(എഫ്1/232/2021/റവ, തീയതി 20-12-2021)

(എഫ്1/232/2021/റവ, തീയതി 25-2-2022) (കാലതാമസപത്രിക)

പ്രസ്തുത ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ സാധൂകരിക്കുകയും കാലതാമസപത്രിക അംഗീകരിക്കുകയും ചെയ്തു.

2) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി (ഭേദഗതി) റൂൾസ്, 2022

(എസ്.ആർ.ഒ. നം.339/2022)

(ഫയൽ നം.5214/സബ്.സി.ഡി1/2020/നി.സെ.)

(നം.159/എം.ഡബ്ല്യു2/2021/പൊ.ഭ.വ., തീയതി 19-4-2022)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിൽ നിന്നും 11-12-2020-ലെ 408/എം.ഡബ്ല്യു 2/19/പൊ.ഭ.വ, നമ്പർ പ്രകാരം സാധൂകരണത്തിനായി ലഭ്യമായ കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസ്, 2020 (എസ്.ആർ.ഒ.നം.808/2020) സമിതിയുടെ 29-9-2021-ലെ യോഗം പരിഗണിക്കുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 339/2022 യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

II. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നം.11982/സബ്.സി.ഡി1/2021/നി.സെ.)

**ഭവനനിർമ്മാണ (എ) വകുപ്പ്**

(നം.എ 3/85/2021-HSG, തീയതി 21-1-2022)

ഭവനനിർമ്മാണ വകുപ്പിൽ നിന്നും ഖണ്ഡിക നം.5, 12 എന്നിവയിന്മേൽ ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

**പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്**

(നം. എം.ഡബ്ല്യു1/207/2021-GAD, തീയതി 22-4-2022)

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിൽ നിന്നും ഖണ്ഡിക നം.25, 26, 27, 28 എന്നിവയിന്മേൽ ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

**പൊതുമരാമത്ത് വകുപ്പ്**

(നം. ഇ 3/466/2021/പൊ.മ.വ., തീയതി 21-6-2022)

പൊതുമരാമത്ത് വകുപ്പിൽ നിന്നും ഖണ്ഡിക നം.1, 2, 3, 4, 7, 8, 9, 10, 45 എന്നിവയിന്മേൽ ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

**III റിപ്പോർട്ടുകളുടെ പരിഗണന**

താഴെപ്പറയുന്ന റിപ്പോർട്ടുകളുടെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

1) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2) 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

സമിതിയോഗം വൈകുന്നേരം 4.05-ന് അവസാനിച്ചു.

## 22-8-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-2022 ആഗസ്റ്റ് 22-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനു ശേഷം (രാവിലെ 10.50 ന്) നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ശ്രീ. വി. അബ്ദുറഹിമാൻ, ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.
2. ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.
3. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.
4. ശ്രീ. റോജി. എം. ജോൺ, എം. എൽ. എ.
5. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
6. ശ്രീ. ടി. ജെ. വിനോദ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി,
   തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി പ്രീത. കെ. എസ്., അഡീഷണൽ സെക്രട്ടറി,
   തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

**കരട് ചട്ടങ്ങളുടെ പരിഗണന**

The Local Self Government Department State Service Special Rules, 2022, The Local Self Government Department Subordinate Service Special Rules, 2022.

(ഫയൽ നം. 14281/സബ്.സി.ഡി1/2022/നി.സെ.)

ചട്ടങ്ങൾ സംബന്ധിച്ച വിശദീകരണം നല്കുവാൻ ബഹു. സമിതി ചെയർമാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് ഓർഡിനൻസ് സഭാ സമ്മേളനം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞതോടെ കാലഹരണപ്പെട്ടതിനാൽ, ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പുതിയ ബിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ഭേദഗതി വരുത്തി ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും 31-3-2022-മുതൽ മുൻകാല പ്രാബല്യം നൽകിയും സാധൂകരണ വ്യവസ്ഥ ഉൾപ്പെടുത്തിയുമാണ് ബിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറിയും സമിതിയെ ബോധ്യപ്പെടുത്തി ചട്ടങ്ങൾ സംബന്ധിച്ച് വിശദീകരിക്കാൻ ബഹു. സമിതി അദ്ധ്യക്ഷൻ ആവശ്യപ്പെട്ടത് പ്രകാരം സ്റ്റേറ്റ് റൂൾസിൽ ചട്ടം 8-ൽ The Appointing authority for category 3 to 7 എന്നത് 3 to 6 എന്നാക്കി മാറ്റിയെന്നും കാറ്റഗറി 1 പ്രിൻസിപ്പൽ ഡയറക്ടർ, കാറ്റഗറി-2 ഡയറക്ടർ, എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർ എന്നിവ IAS തസ്തികകളായതിനാൽ കാറ്റഗറി 3 മുതലുള്ള തസ്തികകൾ ജനറൽ വിംഗ് ആക്കുകയും category 3 to 6 എന്നത് category 1 to 4 എന്നാക്കി മാറ്റുകയും ചെയ്തെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വിവിധ വകുപ്പുകൾ ഇന്റഗ്രേറ്റ് ചെയ്യുമ്പോൾ സമാന തസ്തികകൾ ഏകീകരിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചതും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതും തദ്ദേശസ്വയംഭരണ (ഇ.ആർ.എ.) വകുപ്പിന്റെ 25-6-2022-ലെ സ.ഉ. (കൈ) നമ്പർ 134/2022/എൽ.എസ്.ജി.ഡി. നമ്പർ പ്രകാരമാണെന്ന് തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സബോർഡിനേറ്റ് സർവ്വീസിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക ക്ലീൻ സിറ്റി മാനേജർ ആയും ക്യാമ്പയിൻ ഓഫീസർ സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസറായും പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ Grade I നഗര വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Grade I ആയും Upgrade ചെയ്യാൻ മന്ത്രിസഭ അംഗീകാരം നൽകിയെന്നും ഡിജിറ്റൽ സംവിധാനങ്ങളും ഇ-ഓഫീസും പ്രാബല്യത്തിൽ വരുമ്പോൾ അപ്രസക്തമാകുന്ന തസ്തികകൾ പുനഃക്രമീകരിക്കണമെന്നും പുതിയ തസ്തിക സൃഷ്ടിക്കേണ്ടി

വന്നാൽ അധിക സാമ്പത്തിക ബാധ്യത വരാതെ നോക്കണമെന്നും മന്ത്രിസഭാ നിർദ്ദേശമുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഏകീകൃത സർവ്വീസ് നിലവിൽ വരുമ്പോൾ സമാന തസ്തികകളിലേയ്ക്ക് മാറ്റം അനുവദിക്കുമെന്നു ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തിക ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമായതിനാൽ ജോയിന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ജില്ല, റീജിയണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (KREWS), കോർപ്പറേഷൻ സെക്രട്ടറി, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി എന്നീ സമാന തസ്തികകളിലേയ്ക്കും നിയമനം നൽകാൻ സാധിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

കോർപ്പറേഷൻ സെക്രട്ടറി, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി എന്നീ തസ്തികകളിൽ തത്തുല്യമായ റാങ്കുള്ള ഉദ്യോഗസ്ഥരെ നിയമിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് ജോയിന്റ് ഡയറക്ടർമാരിൽ ഏറ്റവും സീനിയർ ഉദ്യോഗസ്ഥനെയാണ് കോർപ്പറേഷൻ സെക്രട്ടറിയായി നിയമിക്കുന്നതെന്നും , കോർപ്പറേഷൻ സെക്രട്ടറിയുടെ അഭാവത്തിൽ ചുമതല കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയ്ക്കാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. വലിയ കോർപ്പറേഷനുകളിൽ മെക്കാനിക്കൽ, എൻവയോൺമെന്റൽ, PRO വിഭാഗങ്ങളെ ഈ ക്രമീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ടി വിഷയത്തിൽ അസെസ്സ്മെന്റ് നടത്തി തസ്തിക സൃഷ്ടിക്കേണ്ടി വരുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഏകീകരണം നടത്തുമ്പോൾ ഓരോ വകുപ്പിലെയും ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ സ്ഥാനക്കയറ്റം നൽകുന്നതെന്ന സമിതിയുടെ ചോദ്യത്തിന് സ്ഥാനക്കയറ്റത്തിന് അനുപാതം നിശ്ചയിക്കേണ്ടതുണ്ടെന്നും അപാകതകൾ തിരുത്തേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ജോലിഭാരം കണക്കിലെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഏകീകരണത്തിൽ നിലവിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് മാനദണ്ഡമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ഏകീകരണവുമായി ബന്ധപ്പെട്ട് അത്യാവശ്യമായി വരുന്ന തസ്തികകളാണ് പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് സമിതി അദ്ധ്യക്ഷൻ അറിയിച്ചു.

**പ്രസ്തുത കരട് ചട്ടങ്ങൾ സമിതി അംഗീകരിച്ചു.**

സമിതി രാവിലെ 11.30-ന യോഗം പിരിഞ്ഞു.

## 24-8-2022-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 ആഗസ്റ്റ് 24-ാം തീയതി ബുധനാഴ്ച സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിയുമായ ശ്രീ.വി.അബ്ദുറഹിമാനും, താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ.സി. മൊയ്തീൻ
4. ശ്രീ. വി.കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള

<u>വീഡിയോ കോൺഫറൻസിലൂടെ ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. റോജി. എം. ജോൺ
2. ശ്രീ. ടി. ജെ. വിനോദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

3. ശ്രീമതി പ്രീത കെ. എസ്., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

സമിതി താഴെപ്പറയുന്ന ബിൽ പരിഗണനയ്ക്കെടുത്തു:

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

(ഫയൽ നം.15062/സബ്സിഡി1/2022/നി.സെ.)

സമിതി 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ ഖണ്ഡം ഖണ്ഡമായി പരിശോധിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി രാത്രി 7.30-ന് യോഗം പിരിഞ്ഞു.

**30-11-2022-ലെ യോഗനടപടിക്കുറിപ്പ്**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2022 നവംബർ 30-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.കെ അക്ബർ, എം.എൽ.എ.
2. ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.
3. ശ്രീ. വി.കെ. പ്രശാന്ത്, എം.എൽ.എ.
4. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

ഓൺലൈനായി പങ്കെടുത്ത അംഗം

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീമതി ടി. ആർ. ശ്രീകല, അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്.

3. ശ്രീ. എൽ. ആർ. രാജീവ് കുമാർ, അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്.

4. ശ്രീമതി വി. ജി. മിനിമോൾ, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

5. ശ്രീമതി സി. വൈ. മേരിലാലി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

6. ശ്രീമതി എൽ. ജയശ്രീ. ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.

7. ശ്രീമതി പി. എം. സിന്ധു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്.

10. ശ്രീ. എ. പി. രാജീവൻ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

11. ശ്രീ. എം. വി. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്.

12. ശ്രീ. എം. കലാമുദ്ദീൻ, അഡീഷണൽ ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

13. ശ്രീ. കെ. ഹരികുമാർ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

14. ശ്രീ. പി. വാണിദാസ്, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

15. ശ്രീ. സി. പി. പ്രമോദ് കുമാർ, ചീഫ് ടൗൺ പ്ലാനർ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ ഉദ്യോഗസ്ഥർ

ഡോ. ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വകുപ്പ്.

സമിതി, കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന പ്രകാരമുള്ള ചട്ടങ്ങളുടെ റദ്ദുചെയ്യൽ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ, തെളിവെടുപ്പിനുള്ള ഫയലുകൾ എന്നിവ പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

### I. താഴെപ്പറയുന്ന എസ്. ആർ.ഒ.-കളുടെ റദ്ദ് ചെയ്യൽ

The Special Rules for the Kerala Minority Welfare Subordinate Service 2021 (SRO. No. 151/2021) The Special Rules for the Kerala Minority Welfare Service, 2021 (SRO. No. 152/2021)

(ഫയൽ നം. 4907/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം. എം. ഡബ്ല്യു 1/51/2018/പൊ.ഭ.വ. തീയതി 6-9-2022)

2021-ലെ സമിതി യോഗ നിർദ്ദേശമനുസരിച്ചും ചില തസ്തികകളുടെ റിക്രൂട്ട്മെന്റ് മോഡിൽ മോഡിഫിക്കേഷൻ വേണമെന്ന് വകുപ്പ് തലത്തിൽ ചർച്ചകൾ നടന്നതിന്റെ അടിസ്ഥാനത്തിലുമാണ് വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള എസ്.ആർ.ഒ.-കൾ റദ്ദ് ചെയ്യണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചതെന്നും മോഡിഫിക്കേഷൻ സംബന്ധിച്ച് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായും സെക്രട്ടേറിയറ്റ് ജീവനക്കാരുമായും രണ്ട് മൂന്ന് തവണ വിശദമായ ചർച്ചകൾ നടത്തിയിരുന്നുവെന്നും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധ്യപ്പെടുത്തി. പുതിയ SRO-കൾ പുറപ്പെടുവിക്കുന്നതിന്റെ അനിവാര്യത വിലയിരുത്തിയ സമിതി അവ പുറപ്പെടുവിക്കുന്നതിനായി SRO.No. 151/2022, 152/2022 എന്നിവ റദ്ദ് ചെയ്യുവാൻ അനുമതി നൽകണമെന്നുള്ള വകുപ്പിന്റെ ആവശ്യം അംഗീകരിച്ചു.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസ പത്രികകളുടെയും പരിഗണന.

1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നമ്പർ 3155/സബ്. സി. ഡി1/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ പി2/403/2022/പൊ.വി.വ. തീയതി 2-9-2022)

ഖണ്ഡിക നം. 12-ന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

2) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം 5488/സബ്.സി.ഡി1/2016/നി.സെ.)

(സർക്കാർ കത്ത് നം. ഇ 1/202/2017/ആഭ്യന്തരം തീയതി 4-11-2022)

ആഭ്യന്തര വകുപ്പിൽ നിന്നും ഖണ്ഡിക നം.72-ന്മേൽ ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

3) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം. 3134/സബ്.സി.ഡി1/2017/നി.സെ.)

(സർക്കാർ കത്ത് നം. പി2/385/2022/പൊ.വി.വ.തീയതി 2-7-2022)

(സർക്കാർ കത്ത് നം. പി.യു.സി.1/33/2021/ധന തീയതി 18-4-2022)

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഖണ്ഡിക നം.16, 17 എന്നിവയിന്മേലും ധനകാര്യ വകുപ്പിൽ നിന്നും പൊതുശിപാർശ I-ന്മേലും ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

4) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം 1253/സബ്.സി.ഡി1/2018/നി.സെ.)

(സർക്കാർ കത്ത് നം. പി2/389/2022/പൊ.വി.വ. തീയതി 2-9-2022)

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഖണ്ഡിക നം. 12, 13 എന്നിവയിന്മേൽ ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

5) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം 3275/സബ്.സി.ഡി1/2019/നി.സെ.)

(സർക്കാർ കത്ത് നം. പി2/402/2022/പൊ.വി.വ. തീയതി 2-9-2022)

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഖണ്ഡിക നം. 7-ന്മേൽ ലഭ്യമായ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

6) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം 1622/സബ്.സി.ഡി1/2020/നി.സെ.)

(സർക്കാർ കത്ത് നം. എഫ്.എം.2/108/2022/LSGD തീയതി 25-10-2022)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 10 മുതൽ 25 വരെയും 36 മുതൽ 52 വരെയുമുള്ള ഖണ്ഡികകളിന്മേൽ ലഭ്യമായ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

7. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)

(ഫയൽ നം 11982/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം. ഇ 2/169/2021/പജ.പവ.വി.വ. തീയതി 20-10-2022)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഖണ്ഡിക നം. 44-ന്മേൽ ലഭ്യമായ നടപടി പത്രികയും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

III. <u>താഴെപ്പറയുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

1) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

(ഫയൽ നം 169/സബ്.സി.ഡി1/2020/നി.സെ.)

(സർക്കാർ കത്ത് നം. 151/എഫ്.എം.2/2020/ത.സ്വ.ഭ.വ. തീയതി 20-6-2022)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

2) 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

(ഫയൽ നം 1215/സബ്.സി.ഡി1/2021/നി.സെ.)

(സർക്കാർ കത്ത് നം. 41/എഫ്.എം.2/2021/ത.സ്വ.ഭ.വ. തീയതി 10-6-2022)

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ കാലതാമസപത്രിക സമിതി അംഗീകരിച്ചു.

## IV. തെളിവെടുപ്പ് നടത്തിയ ഫയലുകൾ

1. ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. ഉന്നയിച്ച ക്രമ പ്രശ്നത്തിന്മേലുള്ള റൂളിംഗ് - തുടർ നടപടി സംബന്ധിച്ച്.

(ഫയൽ.നം. 17295/സബ്.സി.ഡി1/2021/നി.സെ.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 175(1) അനുശാസിക്കുന്ന പ്രകാരമുള്ള കരട് ചട്ടം നിയമം നിലവിൽ വന്ന് 27 വർഷങ്ങൾ കഴിഞ്ഞിട്ടും രൂപീകരിക്കാത്തത് സംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ. സഭയിൽ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ഒരു മാസത്തിനകം കരട് ചട്ടം രൂപീകരിച്ച് സമിതി മുമ്പാകെ സമർപ്പിക്കണമെന്ന 25-10-2021-ലെ സ്പീക്കറുടെ റൂളിംഗിന് നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം നല്കുവാൻ സമിതി വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

ജനകീയാസൂത്രണം തുടങ്ങിയ കാലം മുതൽ വിപുലമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് നിലവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതി തയ്യാറാക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ നിയമപരമായ നടത്തിപ്പിനുവേണ്ടി തയ്യാറാക്കുന്ന ചട്ടമായതിനാൽ വളരെ സങ്കീർണ്ണമായ ചട്ടങ്ങളുടെ പട്ടികയിലാണ് ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിനായി വിപുലമായ ചർച്ചകൾ അനിവാര്യമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പും പ്ലാനിംഗ് ബോർഡും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാത്ത തരത്തിലും അതത് സമയത്തെ മാറ്റങ്ങൾ അംഗീകരിക്കുന്ന തരത്തിലും സൂക്ഷ്മതയോടെ വേണം ചട്ടം തയ്യാറാക്കേണ്ടതെന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി കരട് ചട്ടം സമർപ്പിച്ചിട്ടുണ്ടെന്നും 2022 ഡിസംബർ മാസത്തിൽ ചട്ടങ്ങളുടെ കരട് ലഭ്യമാക്കാമെന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അറിയിച്ചിട്ടുണ്ടെന്നും അതിനുശേഷം തുടർ നടപടികൾക്കായി ഒരു മാസം കൂടി വേണ്ടിവരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അതത് കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതിനാലാണ് കാലതാമസം വന്നിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ചട്ടം തയ്യാറാക്കി എത്രയും വേഗം സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

2. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്- കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം. 680/സബ്.സി.ഡി1/2013/നി.സെ.)

3. 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്-കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫ.നം. 1140/സബ്.സി.ഡി1/2015/നി.സെ.)

2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിൽ 219 വി, 219 ഡബ്ല്യൂ, 219 എക്സ് എന്നിവയിലും 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റിൽ 334 എ, 334 ബി, 334 സി എന്നിവയിലും മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇവയിൽ 2012-ൽ ഭേദഗതികൾ വന്നിട്ടുണ്ടെന്നും നിലവിൽ മാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നത് 2016-ൽ ദേശീയ തലത്തിൽ നിലവിൽ വന്ന സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമാണെന്നും ഇതുമായി ബന്ധപ്പെട്ട മോഡൽ ബൈലാ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും വേസ്റ്റ് ഡിസ്പോസൽ ഫണ്ടുമായി ബന്ധപ്പെട്ട് Extended Producer Responsibility (EPR) എന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും വന്ന സാഹചര്യത്തിൽ ഓൺലൈനായി വേസ്റ്റ് ജനറേറ്റേഴ്സിൽ നിന്നും ഫണ്ട് ശേഖരിക്കാനും പ്രസ്തുത ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കാനും ഉതകുന്ന തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട ഉത്തരവ് തദ്ദേശസ്വയംഭരണ തലത്തിൽ എങ്ങനെ നടപ്പാക്കാമെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. 219 വി, 219 ഡബ്ല്യൂ എന്നീ ഭേദഗതികൾ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടെന്നും എന്നാൽ 219 എക്സ് -ലെ ഭേദഗതി പ്രാവർത്തികമാക്കിയിട്ടില്ലെന്നും. KSWMP(Kerala Solid Waste Management Project) മായി ബന്ധപ്പെട്ട് നിലവിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടെങ്കിലും അത് കുറച്ചുകൂടി വിപുലപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഈസ് ഓഫ് ഡുയിംഗ് പ്രോജക്റ്റിന്റെ ഭാഗമായി വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകളും ധാരാളം പുതിയ പോളിസി സാധ്യതകളും വന്നിട്ടുണ്ടെന്നും വേസ്റ്റ് മാനേജ്മെന്റ് ചട്ട ലംഘനവുമായി ബന്ധപ്പെട്ട ക്രിമിനൽ നടപടിക്രമങ്ങളിൽ ഭേദഗതി തയ്യാറാക്കി വരികയാണെന്നും ഇ.പി.ആറുമായി ബന്ധപ്പെട്ട ആക്റ്റിലും ഭേദഗതി വരുത്തേണ്ടിവരുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ധാരാളം സങ്കീർണ്ണതകൾ നിറഞ്ഞ വിഷയം ഉൾപ്പെടുന്ന കരട് ചട്ടം ആയതിനാൽ ചട്ടങ്ങൾ രൂപീകരിക്കുവാൻ സമയം ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ആവശ്യമായ ഭേദഗതി എത്രയും വേഗം ഉൾപ്പെടുത്തി ചട്ടം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു.

4) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 828/19) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ

(എസ്.ആർ.ഒ.നമ്പർ 829/19) എന്നിവ മലയാളത്തിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. 627/സബ്.സി.ഡി1/2020/നി.സെ.)

ചട്ടങ്ങൾ മലയാളത്തിൽ ലഭ്യമാക്കുവാൻ കാലതാമസം നേരിട്ടത് സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടു. ചട്ടങ്ങളുടെ ട്രാൻസിലേഷൻ നടത്തി പ്രിന്റ് ചെയ്യുവാൻ പ്രസ്സിൽ കൊടുത്തിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കകം പ്രസ്സിൽ നിന്നും ലഭ്യമായതിനുശേഷം സമിതിയ്ക്ക് ലഭ്യമാക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിച്ചു.

സമിതി ഉച്ചയ്ക്ക് ശേഷം 12.30 -ന് യോഗം പിരിഞ്ഞു.

## 24-1-2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2023 ജനുവരി 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.
2. ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ.
3. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ. എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീമതി ശ്രീകല ടി. ആർ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എം. എസ്. ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

4. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീമതി അനുകുമാരി, മാനേജിംഗ് ഡയറക്ടർ, എം. ജി. എൻ. ആർ. ഇ. ജി. എസ്.

6. ശ്രീ. ബാലചന്ദ്രൻ നായർ പി., ജോയിന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ, എം. ജി. എൻ. ആർ. ഇ. ജി. എസ്.

സമിതി, താഴെപ്പറയുന്ന കരട് ചട്ടം പരിഗണനക്കെടുക്കുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

കേരള മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്‌മെന്റ് ഗ്യാരന്റി സ്കീം പേയ്‌മെന്റ് ഓഫ് ഡിലേ കോമ്പൻസേഷൻ റൂൾസ്, 2022.

(ഫ.നം. 760/സബ്.സി.ഡി1/2023/നി.സെ.)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം, മസ്റ്റർ റോൾ പൂർത്തീകരിച്ച തൊഴിലാളികൾക്ക് സംസ്ഥാന തലത്തിൽ അനുവദിച്ച 8 ദിവസവും കേന്ദ്ര സർക്കാർ തലത്തിൽ അനുവദിച്ച 7 ദിവസവും കൂടി ആകെ 15 ദിവസത്തിനകം അർഹതപ്പെട്ട വേതനം നൽകണമെന്നും അല്ലാത്തപക്ഷം കാലതാമസം വരുന്ന ഓരോ ദിവസത്തിനും വേതനത്തിന്റെ 0.05% തുക കൂടി ഡിലേ കോമ്പൻസേഷൻ അലവൻസ് ആയി നൽകണമെന്നാണ് നിയമത്തിലെ പട്ടിക II ഖണ്ഡിക 29-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നും ഡിലേ കോമ്പൻസേഷൻ നൽകുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയത് എത്രയാണെന്ന് കണക്കാക്കി തൊഴിലാളികൾക്ക് നൽകിയ ശേഷം അപ്രകാരം നൽകുന്ന തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചതനനുസരിച്ചുള്ള നടപടിക്രമം നിശ്ചയിക്കുന്നതിനാണ് കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സാങ്കേതിക പിഴവ്, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവം എന്നിവമൂലം വേതനം നല്കുന്നതിൽ കാലതാമസം നേരിടാവുന്നതാണ്. ഇത്തരം സാഹചര്യം സംബന്ധിച്ച് ചട്ടത്തിൽ പരാമർശമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദവിയുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് ചുമതല നിർവ്വഹിക്കാവുന്നതാണെന്നും ഡിജിറ്റൽ സിഗ്നേച്ചർ സംബന്ധിച്ചും മറ്റ് സാങ്കേതിക പിഴവുകൾ കാരണവുമുള്ള കാലതാമസത്തിന് ഡിലേ കോമ്പൻസേഷൻ നല്കണമോ എന്നത് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ വിവേചനാധികാരത്തിൽ പെട്ടതാണെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ച കൊണ്ടല്ലാതെ സാങ്കേതിക പിഴവ്

കാരണം കാലതാമസം ഉണ്ടായാൽ ഡിലേ കോമ്പൻസേഷൻ ഒഴിവാക്കുകയാണ് ചെയ്യുന്നതെന്നും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. ആയത് സംബന്ധിച്ച് കരട് ചട്ടത്തിൽ വ്യക്തതയില്ലെന്ന് വിലയിരുത്തിയ സമിതി, കരട് ചട്ടത്തിലെ ചട്ടം 4(4)-ൽ ആയതു കൂടി ഉൾപ്പെടുത്തി വ്യക്തത വരുത്തണമെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത ഭേദഗതി നിർദ്ദേശത്തോടെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിൽ വേതന ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വേതന ഇനത്തിൽ 350 കോടിയോളം രൂപയും മെറ്റീരിയൽ കംപോണന്റായി 600 കോടി രൂപയും കുടിശ്ശികയുണ്ടെന്ന് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. ആവർത്തന സ്വഭാവമുള്ള ജോലികൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് കേന്ദ്രം അനുമതി നല്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഒരു നിർദ്ദേശം പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ആയത് പരിശോധിക്കാവുന്നതാണെന്ന് വകുപ്പ് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

രാവിലെ 10.45-ന് യോഗം അവസാനിച്ചു.

## 15-2-2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2023 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു. കൂടാതെ, പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.(വീഡീയോ കോൺഫറൻസിംഗ് മുഖേന)

2. ശ്രീമതി കാനത്തിൽ ജമീല, എം. എൽ. എ.

3. ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.

4. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.

5. ശ്രീ. ടി. ജെ. വിനോദ്, എം. എൽ. എ. (വീഡീയോ കോൺഫറൻസിംഗ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി  സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
2. ഡോ. ഷർമ്മിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. ജി. അനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. പ്രമോദ് കുമാർ സി. പി., ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. പ്രശാന്ത് എച്ച്., ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തദ്ദേശസ്വയംഭരണ വകുപ്പ്
6. ശ്രീ. ജോൺസൺ കെ., ചീഫ് എഞ്ചിനീയർ (എഞ്ചിനീയറിംഗ് വിംഗ്), തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീ. അജിത് കുമാർ എം. പി., അഡീഷണൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ. കെ. ടി. ബാലഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
9. ശ്രീമതി അനുകുമാരി, മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
10. ശ്രീ. ഹരികുമാർ കെ., ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
11. ശ്രീ. രജത് ജി. എസ്., ജോയിന്റ് ഡയറക്ടർ, പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
12. ശ്രീ. ബാലചന്ദ്രൻ പി., ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
13. ശ്രീ. സജീവ് പി. പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
14. ശ്രീ പ്രവീൺ കെ. എസ്., ഡയറക്ടർ (എൽ.ഡബ്ല്യൂ.എം.), ശുചിത്വ മിഷൻ
15. ശ്രീ. ജ്യോതിഷ് ചന്ദ്രൻ ജി., ഡയറക്ടർ (എൽ.ഡബ്ല്യൂ.എം.), ശുചിത്വ മിഷൻ

16. ശ്രീമതി ഷീന എം. എസ്., ഡെപ്യൂട്ടി സെക്രട്ടറി, പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

17. ശ്രീമതി സ്നേഹലത കെ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

18. ശ്രീ. എം. എ. മൺസൂൺ, സീനിയർ ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്

19. ശ്രീമതി സബീഹ പി. എം., സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം

20. ശ്രീ. ബി. സന്തോഷ് കുമാർ, ഫിനാൻസ് ഓഫീസർ (എഞ്ചിനീയറിംഗ് വിംഗ്), തദ്ദേശസ്വയംഭരണ വകുപ്പ്

21. ശ്രീ. ഷിജു ജോസ്, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്

22. ശ്രീ. ഷിബു ജി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

23. ശ്രീമതി ആശ അജയ്ഘോഷ്, ടൗൺ പ്ലാനർ (പ്ലാനിംഗ്), തദ്ദേശസ്വയംഭരണ വകുപ്പ്

24. ശ്രീ. നെൽസൺ ജെ., പ്രോഗ്രാം മാനേജർ (ഫിനാൻസ്), ലൈഫ് മിഷൻ

25. ശ്രീ. സജീന്ദ്ര ബാബു ജെ., പ്രോജക്ട് മാനേജർ, ലൈഫ് മിഷൻ

26. ശ്രീമതി ഇന്ദു എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മ പദ്ധതി

27. ശ്രീ. സുരേഷ് കുമാർ ടി., അക്കൗണ്ട്സ് ഓഫീസർ, കുടുംബശ്രീ

28. ശ്രീമതി ചിന്നു ഉത്തര, പ്രോഗ്രാം ഓഫീസർ (ഫിനാൻസ്), ശുചിത്വ മിഷൻ

29. ശ്രീ. ബിജോയ് കെ. വർഗ്ഗീസ്, എംപവേർഡ് ഓഫീസർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി

30. ശ്രീ. എബ്രഹാം കോശി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXII, XXVIII, XXXV, XXXVI എന്നീ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധനയ്ക്കായി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XXII - നഗരവികസനം

2217-05-001-69—<u>നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

മുഖ്യ നഗരാസൂത്രകന്റെ ഓഫീസിലെയും 14 ജില്ലാ ഓഫീസുകളിലെയും പഴയ കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്ന ചെലവിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 1.96 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-64—<u>വിശദമായ മാസ്റ്റർ പ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി</u>

സംസ്ഥാനത്തെ 5 നഗരങ്ങളിൽ ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതിന് 125 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയുടെ ഏകദേശം 20% ആയ 25 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-192-48—<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

(42)—<u>അമൃത് 2.0-ന് കീഴിൽ പട്ടണങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിനുള്ള പിന്തുണാപദ്ധതി</u>

അമൃത് 2.0 പദ്ധതിയുടെ കീഴിൽ നഗരങ്ങൾക്കായി GIS അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപീകരണത്തിനുള്ള സഹായ പദ്ധതിയ്ക്കായി 35 ലക്ഷം രൂപ വകയിരുത്താൻ ആവശ്യപ്പെട്ടെങ്കിലും 15 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലവിൽ മാസ്റ്റർ പ്ലാനുള്ള നഗരങ്ങളിൽ അമൃത് പദ്ധതിക്കുവേണ്ടി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ടോ എന്നും നിലവിലുള്ള പ്ലാനിംഗിൽ ഭേദഗതി വരുത്തിയാൽ മതിയാകില്ലേ എന്നും സമിതി ആരാഞ്ഞു. നിലവിലുള്ള പ്ലാൻ സമീപ കാലത്ത് തയ്യാറാക്കിയവയാണെങ്കിൽ അതിന്റെ ചട്ടക്കൂടിൽ നിന്നു കൊണ്ട് തന്നെ ചെയ്യാൻ സാധിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

2217-05-800-67—സംസ്ഥാനത്ത് സ്ഥലസംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കൽ

സംസ്ഥാനത്തിനായുള്ള സ്പെഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ പഠനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-99—ഡയറക്ടറേറ്റ് ഓഫ് അർബൻ അഫേഴ്സ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയും മേഖലാ കാര്യാലയങ്ങളിലെയും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനും നഗരകാര്യ ഡയറക്ടറേറ്റിലെ ഇന്ധന ചെലവിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 05-2-വൈദ്യുതി ചെലവ് എന്ന കണക്കിനത്തിൽ 1.33 ലക്ഷം രൂപയും 45 POL എന്ന കണക്കിനത്തിൽ 51,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-95—കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ

നഗരകാര്യ വകുപ്പിലെ ഓഫീസ് സാമഗ്രികൾ വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 69.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. പ്രസ്തുത ശീർഷകത്തിന്മേലുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ ബഡ്ജറ്റ് അലോക്കേഷന്റെയും എക്സ്പെൻഡിച്ചറിന്റേയും കണക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2217-80-001-92—നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും

നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് പ്രോഗ്രാമിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന</u>

നഗരസഭകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് പെൻഷൻ ഫണ്ടിൽ നീക്കിയിരുപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 802 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-82—<u>ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ</u>

സ്റ്റേഷനറി സാമഗ്രികൾ, കമ്പ്യൂട്ടർ-അനുബന്ധ ഘടകങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്കുള്ള ശമ്പളം, കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ പുതുക്കലും പ്രസിദ്ധീകരിക്കുകയും ചെയ്യുക, പൈതൃകവുമായി ബന്ധപ്പെട്ട സാഹിത്യകൃതികളും രേഖകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുക, പൊതു അവബോധത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-76—<u>അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന 65 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-71—<u>ശുചിത്വ കേരളം - നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണം - സംവിധാനം</u>

ദ്രവമാലിന്യ പരിപാലനത്തിന് ഓരോ ജില്ലയിലും STP/ETP സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്കായി മേൽ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഖരമാലിന്യ സംസ്ക്കരണ പദ്ധതി, ലഭ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കുവാൻ ജനങ്ങളുടെ എതിർപ്പുമൂലം സാധിക്കാതെ വരുന്നുണ്ടെന്നും ഇത്തരത്തിൽ മുമ്പോട്ടു പോയാൽ വലിയ ഒരു തുക ഫൈൻ ആയി അടയ്ക്കേണ്ടി വരുമെന്നും മാലിന്യ സംസ്ക്കരണത്തിനായി 2431 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നു നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ കേരളം

സത്യവാങ്മൂലം നല്കിയതു കൊണ്ടാണ് ഫൈൻ അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കിയതെന്നും ഇംപ്ലിമെന്റേഷൻ മോശമായാൽ ഫൈൻ അടയ്ക്കേണ്ട തുക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ടിവരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

2217-80-800-62—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള സഹായ ധനം

ലൈഫ് പി.എം.എ.വൈ (അർബൻ) ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിനായി ഹഡ്കോ അനുവദിച്ച തുകയ്ക്കുള്ള പലിശ ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3.8693 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4217-60-051-94—വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, ഇതിലേയ്ക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXVIII

3454-02-111-95—ജനന മരണ സ്ഥിതി വിവരക്കണക്കുകൾ രജിസ്റ്ററാക്കൽ

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ കീഴിൽ ജനനമരണ വിവാഹ രജിസ്ട്രേഷൻ ജോലികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ശമ്പളയിനത്തിൽ 1.1380 കോടി രൂപ, ക്ഷാമബത്തയിനത്തിൽ 24.80 ലക്ഷം രൂപ, വീട്ടു വാടകയിനത്തിൽ 9.32 ലക്ഷം രൂപ എന്നിങ്ങനെ തുക അധികമായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-111-94—ജനന മരണ വിവാഹ രജിസ്ട്രേഷൻ

വിഹിതം : 28.25 ലക്ഷം രൂപ (പദ്ധതിയേതരം)

ജനനമരണ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ 4 ജീവനക്കാർക്ക് ശമ്പളവും ക്ഷാമബത്തയും നൽകുന്നതിന് ബഡ്ജറ്റിൽ

അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ കണക്കിനങ്ങളിൽ യഥാക്രമം 2.55 ലക്ഷം രൂപയും 63,000 രൂപയും ചേർത്ത് ആകെ 3.18 ലക്ഷം രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

2515-00-001-99—<u>മേൽനോട്ടം</u>

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അലവൻസുകളും കൂടാതെ ശമ്പള കുടിശ്ശികയും നൽകുന്നതിനും ഓഫീസിലെ വൈദ്യുത ചെലവ്, വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും, ഇന്ധന ചെലവിനും ബന്ധപ്പെട്ട കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ, പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1—ശമ്പളം | 1.1288 കോടി രൂപ |
| 01-2—ക്ഷാമബത്ത | 56.84 ലക്ഷം രൂപ |
| 01-3—വീട്ടു വാടക അലവൻസ് | 13.48 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 8.41 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 4.46 ലക്ഷം രൂപ |
| 45—പി.ഒ.എൽ | 12.32 ലക്ഷം രൂപ |

05-4—<u>മറ്റിനങ്ങൾ</u>

പഞ്ചായത്ത് ഡയറക്ടറുടെ ആഫീസ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റുന്നതിനോടനുബന്ധിച്ചുള്ള വിവിധ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 20.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-97—<u>ജില്ലാഭരണം</u>

വിഹിതം : 68.0067 കോടി രൂപ (പദ്ധതിയേതരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1—ശമ്പളം | 4.3974 കോടി രൂപ |
| 01-2—ക്ഷാമബത്ത | 4.5860 കോടി രൂപ |
| 02-1—വേതനം-ശമ്പളം | 1.97 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചാർജ്ജ് | 7.20 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 5.50 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 1.51 ലക്ഷം രൂപ |
| 45—പി.ഒ.എൽ | 6.15 ലക്ഷം രൂപ |

2515-00-001-96—<u>പഞ്ചായത്ത് ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി</u>

ഈ ശീർഷകത്തിൻ കീഴിലെ 01-2-ക്ഷാമബത്ത, 05-4- ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അവയിൽ യഥാക്രമം 2.24 ലക്ഷം രൂപ, 13,000 രൂപ എന്നിങ്ങനെ ഓരോന്നിലും തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-95—<u>പഞ്ചായത്ത് ജീവനക്കാർക്ക് കോമൺ സർവ്വീസ് നടപ്പാക്കുന്നതിന്</u>

01-2—<u>ക്ഷാമബത്ത</u>

പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-91—<u>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽ നോട്ടം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗത്തിലെ ഓഫീസുകളിലെ അവധി യാത്രാനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം, മെഡിക്കൽ

റീഇംബേഴ്സ്മെന്റ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.9699 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-86— തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

റോഡ് കണ്ക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ, ഗുണ നിലവാര പരിശോധന, സൗകര്യം വർദ്ധിപ്പിക്കൽ, റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കൽ, എഞ്ചിനീയർമാർക്ക് ടാബ്‌ലെറ്റ്, ലാപ്ടോപ്പ് വാങ്ങൽ, ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് പ്രവൃത്തികൾക്കും മറ്റുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 4.0532 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-98—പഞ്ചായത്ത് രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

വിഹിതം : 20.91 ലക്ഷം രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൻ കീഴിലെ വിവിധ കണക്കിനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ, താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | **അധികമായി ആവശ്യപ്പെടുന്ന തുക** |
|---|---|
| 01-1- ശമ്പളം | 1.45 ലക്ഷം രൂപ |
| 01-2- ക്ഷാമബത്ത | 1.13 ലക്ഷം രൂപ |
| 01-3- വീട്ടുവാടക അലവൻസ് | 50,000 രൂപ |
| 07- പ്രസിദ്ധീകരണങ്ങൾ | 2.14 ലക്ഷം രൂപ |
| 34-3- മറ്റുചെലവുകൾ-മറ്റിനം | 15,000 രൂപ |

2515-00-101-68—ശുചിത്വ കേരളം

എഫ്.എസ്.ടി.പി.കൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള തുക കണ്ടെത്താൻ സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ശുചിത്വ കേരളം റൂറൽ സ്കീമിൽ 50 കോടി രൂപയും ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സ്ഥാപനതല എസ്.ടി.പി/ഇ.ടി.പി സ്ഥാപിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ 42 സ്ഥാപനതല എസ്.ടി.പി./ഇ.ടി.പി.കൾ (ഒരു ജില്ലയിൽ 3 എണ്ണം എന്ന കണക്കിൽ) സ്ഥാപിക്കുന്നതിനാവശ്യമായ 48 കോടി രൂപയും

ചേർത്ത് ആകെ 98 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ആയതിനാൽ മേൽ ശീർഷകത്തിൽ 98 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിൽ ശമ്പളം, ഓഫീസ് ചെലവ്, ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-56—<u>രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ-പൊതുവിഭാഗം (60% സി.എസ്. എസ്.)</u>

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയ്ക്ക് കേന്ദ്രവിഹിതമായി 7.39 കോടി രൂപയും സംസ്ഥാന വിഹിതമായി 4.9267 കോടി രൂപയും ഉൾപ്പെടെ ആകെ 12.3167 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-94—<u>റെയിൽവേ ലെവൽ ക്രോസിങ്ങുകളുടെ സംരക്ഷണം- സഹായധനം</u>

വക്കം, കറുകുറ്റി, മുളതല, കുറ്റിപ്പുറം, തലക്കാട്, അഴിയൂർ, ഒഞ്ചിയം, മാടായി, എന്നീ പഞ്ചായത്തുകളിലെ റെയിൽവേ ലെവൽ ക്രോസ് അറ്റകുറ്റ പണികൾക്ക് മേൽ ശീർഷകത്തിൽ 2.2080094 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു..

4515-00-800-98—<u>പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം</u>

പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പ്രകാരം റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 108 കോടി രൂപയും സംസ്ഥാന വിഹിതമായി 72 കോടി രൂപയും ഉൾപ്പെടെ ആകെ 180 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പി.എം.ജി.എസ്. വൈ. പദ്ധതി പ്രകാരമുള്ള ഡി.പി.ആർ.ന്റെ പുരോഗതി സംബന്ധിച്ച് ആരാഞ്ഞ സമിതിയോട് ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ വർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും വെറ്റ് ചെയ്യുന്നതിനായി സി.ഇ.ടി. തിരുവനന്തപുരം, ഐ.ഐ.റ്റി. പാലക്കാട് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഈ ഏജൻസികൾ

ഡി.പി.ആർ. പരിശോധിച്ച് വെറ്റ് ചെയ്തതിനു ശേഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കു മെന്നും തുടർന്ന് NIDA-യുടെ വെറ്റിംഗ് കൂടി പൂർത്തിയായതിന് ശേഷം മാത്രമേ അപ്രൂവൽ ലഭിക്കുകയുള്ളൂവെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-97—<u>പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ</u>

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലുള്ള ബില്ലുകളിലെ തുക നൽകുന്നതിലേയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-96—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാഗിക/ഫൈനൽ ബില്ലുകളിലെ തുക മാറിക്കൊടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-92—<u>വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ</u>

നിയമസഭാ സാമാജികർ തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലെ തുക വകയിരുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കുള്ള ശിപാർശ പരിഗണിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, ഇതിലേയ്ക്കായി ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന വർക്കുകളുടെ സ്വഭാവം സംബന്ധിച്ചും 20% പ്രൊവിഷൻ വച്ചിട്ടുള്ള വർക്കുകൾക്കാണ് സാധാരണ ഗതിയിൽ എ.എസ്. നൽകുന്നത് എന്നിരിക്കെ ടോക്കൺ പ്രൊവിഷൻ മാത്രം വച്ചിട്ടുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് എപ്രകാരമാണെന്നും സമിതി ആരാഞ്ഞു. 5475 എന്ന പൊതു സാമ്പത്തിക സർവ്വീസുകൾ ശീർഷകത്തിൽ എല്ലാ വകുപ്പുകൾക്കും 20% തുക വകയിരുത്തിയിട്ടുണ്ടെന്നും എല്ലാ വകുപ്പിലും ടോട്ടൽ വർക്കിന്റെ 20% കണക്കാക്കി ഒരു നിശ്ചിത തുക ടി ശീർഷകത്തിൽ ഉൾക്കൊള്ളിക്കുന്നതാണെന്നും അപ്പെൻഡിക്സ് 2-ൽ വർക്കിന്റെ വിശദാംശവും എസ്റ്റിമേറ്റും ഉൾപ്പെടെ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

**ധനാഭ്യർത്ഥന XXXVI - ഗ്രാമവികസനം**

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

2501-06-789-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.(ഗ്രാമീണ) (60% സി.എസ്.എസ്.)

2501-06-796-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി 2024 മാർച്ചിൽ അവസാനിക്കുന്നതിനാൽ നിലവിൽ സാങ്ഷൻ ചെയ്ത പി.എം.എ.വൈ പദ്ധതിയിൽ അനുവദിച്ച 13307 വീടുകളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 41.6088 കോടി രൂപയും സംസ്ഥാനവിഹിതമായി 27.7392 കോടി രൂപയും ഉൾപ്പെടെ 69.3480 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്. എസ്)

കേരള സർക്കാർ മിഷൻ ഡയറക്ടർക്കും മറ്റ് ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിലെ ശമ്പളം മേൽ ശീർഷകത്തിൽ നിന്നും വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2.2735 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്. എസ്)

(04)—ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്ന ആവശ്യത്തിലേയ്ക്ക് മേൽ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2505-02-101-92—എം.ജി.എൻ.ആർ.ജി.പി.ക്ക കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് തൊഴിലാളിക്ക് അർഹതയുണ്ട്. ആയതിൻപ്രകാരം തൊഴിലില്ലായ്മ വേതന വിതരണത്തിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരത്തിന് മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക വകയിരുത്തുന്നതിലേയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് ആയതിലേയ്ക്ക് 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2505-02-101-88—കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്- (10) സംഭാവന

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ക്ഷേമപദ്ധതി നടപ്പാക്കുന്നതിന് മേൽ ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമായതിനാൽ 8.5419 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-50—ഭരണവും നടത്തിപ്പും- മേൽനോട്ടം

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, വേതനം, യാത്രാചെലവുകൾ, മറ്റ് ആഫീസ് ചെലവുകൾ, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധനചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.2611 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-49—<u>എൻ.ഇ.എസ് പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്</u>

എൻ.ഇ.എസ് പാറ്റേൺ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് സമിതി ആരാഞ്ഞു നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് പാറ്റേൺ എന്നാണ് വിവക്ഷിക്കുന്നതെന്നും ബ്ലോക്കു പഞ്ചായത്തുകൾ നിലവിൽ വരുന്നതിനു മുൻപ് എൻ.ഇ.എസ് ബ്ലോക്കുകളാണുണ്ടായിരുന്നതെന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് അടുത്ത വർഷം ആകുമ്പോഴേക്കും മാറ്റം വരും എന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

എൻ.ഇ.എസ് പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 54.5045 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-48—<u>ബ്ലോക്കുകളുടെ ഭരണം വിപുലീകരിക്കുന്നതിന്</u>

ബ്ലോക്കുകളുടെ ഭരണ ചെലവുകൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനങ്ങളുടെ പരിപാലനത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.6068 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-50—<u>ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ</u>

ഗ്രാമവികസന വകുപ്പിലെ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധന ചെലവിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.6997 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-89—<u>പ്രയുക്ത പോഷകാഹാര പരിപാടികൾ</u>

പ്രയുക്ത പോഷകാഹാര പരിപാടി നടത്തിപ്പിനു വേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ തുടരുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ പരിപാലനം, ഇന്ധന ചെലവും ഇതിലെ മുൻവർഷത്തെ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.3576 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഗ്രാമവികസന വകുപ്പിനു കീഴിൽ നിലവിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. വർക്കുമായി മുമ്പോട്ടുപോകുന്ന ജീവനക്കാരുടെ യഥാർത്ഥ ജോലി എന്താണെന്ന് പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

2515-00-102-85—പ്രയുക്ത പോഷകാഹാര പരിപാടിയുടെ സമാഹരണം യൂണിസെഫ്

പ്രയുക്ത പോഷകാഹാര പരിപാടിയുടെ സമാഹരണത്തിന്റെ ചുമതലയുള്ള ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 17.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-83—സംയോജിത പൂരക പോഷകാഹാരം, സാമൂഹ്യ വികസനം എന്നീ പദ്ധതികളുടെ വാഹന പരിപാലനത്തിനുള്ള മൂവാറ്റുപുഴയിലെ സർക്കാർ ട്രാൻസ്പോർട്ട് ഉപകരണസ്ഥാപനം

സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള ശമ്പളം, ബത്ത, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 16.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന, ഗ്രാമ സേവക പരിശീലന കേന്ദ്രങ്ങൾ, (ഇ.റ്റി.സി.) പ്രയുക്ത പോഷകാഹാര പരിപാടികൾ, ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം എന്നിവയുടെ പ്രവർത്തനത്തെയും സംബന്ധിച്ചും സമിതി ചർച്ചചെയ്തു. പ്രസ്തുത കേന്ദ്രങ്ങളുമായും പദ്ധതി പ്രവർത്തനങ്ങളുമായും, ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ നിലവിലെ ജോലി സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

2515-00-102-81—ഗ്രാമഭൂമി എന്ന മാസികയുടെ പ്രസിദ്ധീകരണം

ഗ്രാമഭൂമി എന്ന മാസികയുടെ പ്രസിദ്ധീകരണ ചെലവിനും ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 27.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഗ്രാമഭൂമി പ്രസിദ്ധീകരണവും പഞ്ചായത്ത് രാജ് പ്രസിദ്ധീകരണവും ഏകോപിപ്പിക്കുവാൻ ഗവൺമെന്റ് തലത്തിൽ തീരുമാനിച്ച വിവരം ചെയർമാൻ സമിതിയെ അറിയിച്ചു.

2515-00-102-80—<u>ബാലുശ്ശേരിയിൽ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം</u>

ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ പോഷകാഹാരകേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 37.74 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-62—<u>ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ</u>

ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-197-36-01—<u>പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം</u>

പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം എന്ന ശീർഷകത്തിനു കീഴിൽ ജീർണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനു കൂടി തുക അനുവദിക്കണമെന്ന ആവശ്യം വിലയിരുത്തിയ സമിതി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ജീർണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കിപണിയുന്നതിന് തുക വിനിയോഗിക്കാൻ സാധിക്കുന്നതിനാൽ പ്രസ്തുത ശിപാർശ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

<u>പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) - വാട്ടർ ഷെഡ് കംപോണന്റ് (60% കേന്ദ്ര വിഹിതം)</u>

2515-00-102-37—ജനറൽ

2515-00-789-99—എസ്.സി.പി.

2515-00-796-99—ടി.എസ്.പി.

വാട്ടർ ഷെഡ് കംപോണന്റ് പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 9 കോടി രൂപയും സംസ്ഥാന വിഹിതമായി 6 കോടി രൂപയും ചേർത്ത് ആകെ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-33—ഹരിതകേരളം മിഷൻ (ഗ്രാമം)

യു.എൻ.ഡി.പി. പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഭരണപരമായ ചെലവുകൾക്കും, മിഷനുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് ജില്ലാ കോ-ഓർഡിനേറ്റർമാരെ സഹായിക്കുന്ന റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺഷിപ്പ് ട്രെയിനികൾ എന്നിവർക്ക് ഓണറേറിയം, സ്റ്റൈപന്റ് എന്നിവ നൽകുന്നതിനും മിഷനുകളുടെ ഐ.ഇ.സി. പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-30—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള ധനസഹായം

ഗ്രാമീണ തൊഴിൽ മേഖലയിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി. മുഖേന അനുവദിച്ചിട്ടുള്ള വായ്പയിന്മേലുള്ള പലിശ തിരിച്ചടവിനായി ഈ ശീർഷകത്തിൽ 91.49 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-29—കുടുംബശ്രീ നിലവിലുള്ള പരിപാടികൾ

ഈ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ചെലവിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 148.55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പല ജനകീയ ഹോട്ടലുകളും സബ്സിഡി ഇനത്തിലുള്ള തുക ലഭ്യമാകാത്തതിനാൽ അടച്ച് പൂട്ടുന്ന അവസ്ഥയിലാണെന്നും ജനകീയ ഹോട്ടലുകൾ വഴി നല്കുന്ന ഊണിന്റെ എണ്ണം പരിശോധിക്കുവാൻ നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ഹോട്ടൽ ഉടമ നല്കുന്ന കണക്കാണ് സബ്സിഡി ഇനത്തിനായി ഉപയോഗപ്പെടുത്തുന്നതെന്നും മനസ്സിലാക്കിയ സമിതി, ജനകീയ ഹോട്ടലുകളിലെ ഊണിന്റെ എണ്ണം നിജപ്പെടുത്തുന്നതിന് കുടുംബശ്രീയുടെ തന്നെ മോണിറ്ററിംഗ് സിസ്റ്റം കൊണ്ടുവരണമെന്നും ഹോട്ടലിലൂടെ വിതരണം ചെയ്യപ്പെടുന്ന ഊണ് അർഹതപ്പെട്ട വിഭാഗത്തിനാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

2515-00-102-26—ദേശീയ റർബൻ മിഷനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം

ദേശീയ റർബൻ മിഷൻ പദ്ധതി 31-3-2023-ൽ അവസാനിക്കുന്നതിനാൽ 1-4-2022 മുതൽ 18-7-2022 കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ

വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 28.66 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 4.40 -ന് അവസാനിച്ചു.

## 21-2-2023—ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ് ഒഫിഷ്യോ അംഗങ്ങളായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ
2. ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ
3. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. വി. സുശീൽ കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
3. ശ്രീമതി ജോസഫൈൻ കെ., അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
4. ശ്രീ. ജാഫർ എ. എം., ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്.
5. ശ്രീ. സജീവ് പി. പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്

6. ശ്രീമതി സീന എൽ., ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.

7. ശ്രീമതി ജയശ്രീ. എൻ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.

8. ശ്രീ. സുദൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ഡോ. വിനയ് ഗോയൽ, കമ്മീഷണർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

10. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.

11. ശ്രീ. സുനിൽ ചാക്കോ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ.

12. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

13. ശ്രീമതി ദേവി എൽ. ആർ., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

14. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.

15. ശ്രീ. ബിനു എൻ. നായർ, ഫിനാൻസ് ഓഫീസർ, ന്യൂനപക്ഷക്ഷേമ വകുപ്പ്.

16. ശ്രീ. ജയൻ ആർ., ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.

ശ്രീമതി ഷർമിളാ മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്, വീഡിയോ കോൺഫറൻസിലൂടെ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXI (ഭവന നിർമ്മാണം) XXV(പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXI—ഭവനനിർമ്മാണം**

2216-05-053-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

കരാറുകാർക്ക് കൊടുക്കുവാനുള്ള 7.50 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01 —സാധാരണ അറ്റകുറ്റപ്പണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

കരാറുകാർക്ക് കൊടുക്കുവാനുള്ള 1.82 കോടി രൂപ കൊടുത്തു തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്താൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

05—ഓഫീസ് ചെലവുകൾ

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് അസിസ്റ്റന്റിനായി വർഷം 42,000 രൂപയും മറ്റിനങ്ങളിൽ 8,000 രൂപയും അധികമായി ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്താൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ഹൗസിംഗ് കമ്മീഷണറുടെ വീട്ടുവാടക ഇനത്തിൽ 3,60,000 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 3.10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്ത ണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ്-കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

കേരളത്തിൽ ഭവനപദ്ധതികൾക്കായി ചെലവ് കുറഞ്ഞ മാതൃക രൂപീകരിക്കൽ എന്ന പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ ശീർഷകത്തിൽ 4 പദ്ധതി ഘടകങ്ങൾക്കായി 55 ലക്ഷം രൂപ വകയിരുത്തിയതിൽ 10 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 40 ലക്ഷം രൂപ കൂടി 2216-80-001-96 എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-001-95—പരിശീലന പരിപാടി-സാങ്കേതിക സെൽ

ഭവന മേഖലയുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-001-93—ഹൗസിംഗ് സ്റ്റാറ്റസ് സംബന്ധിച്ച് ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

കേരളത്തിലെ ഭവന മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും ഇതിനനുസൃതമായി ഒരു Perspective Plan ഭവന മേഖലയ്ക്ക് രൂപകല്പന ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധങ്ങളായ ഭൂപ്രദേശങ്ങളിൽ സോഷ്യോ എക്കണോമിക് സർവ്വേ പുരോഗമിച്ചു വരികയാണ്. പദ്ധതി നിർവ്വഹണത്തിന് നടപ്പു വർഷം 1 കോടി രൂപ ആവശ്യമായതിനാൽ മേൽ ശീർഷകത്തിൽ ശേഷിച്ച 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-101-98—<u>ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം</u>

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 5.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2216-80-103-99—<u>സംസ്ഥാനത്തെ ഹൗസിംഗ് ബോർഡ്</u>

38—ട്രെയിനിംഗ് പ്ലാൻ

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2023-24 സാമ്പത്തിക വർഷം ട്രെയിനിംഗ് പ്ലാൻ പദ്ധതിയ്ക്കായി 325 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 262 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് മേൽ ശീർഷകത്തിൽ 63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-106-98—<u>നിർമ്മാണം</u>

(03)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

16 —വൻകിട മരാമത്തു പണികൾ

കേരള സംസ്ഥാനത്തെ ഭവന നിർമ്മാണ ബോർഡിലെ വൻകിട മരാമത്തു പണികളിലെ കരാറുകാർക്ക് കൊടുത്തു തീർക്കുന്നതിനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-106-91—<u>സർക്കാർ ജീവനക്കാർക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാടക വീട് പദ്ധതി</u>

ഈ ശീർഷകത്തിൻ കീഴിൽ കോഴിക്കോട് ആർ.എച്ച്.എസ്. ഫോർ ഗവൺമെന്റ് എംപ്ലോയീസ് ഇൻ കെ.എസ്.എച്ച്.ബി. ഓൺഡ് ലാന്റ് പദ്ധതി നടത്തിപ്പിന് തുക ആവശ്യപ്പെട്ടത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയിലേയ്ക്ക് മേൽ ശീർഷകത്തിൽ 8.2959 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-01-700-85 —റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

(01) —റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4216-80-190-96—ഗൃഹശ്രീ ഭവന പദ്ധതി

വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് അനുവദിച്ച് നടപ്പിലാക്കിവരുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി ആനുകൂല്യം കൂടുതൽ പേർക്ക് നൽകുന്നതിലേയ്ക്ക് നിലവിലെ വിഹിതത്തിനു പുറമേ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4216-80-201-98—ഉദ്യോഗസ്ഥകളുടെ പാർപ്പിടം (60% കേന്ദ്ര വിഹിതം)

(02)—വനിതാ ജീവനക്കാർക്ക് വേണ്ടിയുള്ള ഹോസ്റ്റൽ (40% സംസ്ഥാന വിഹിതം)

വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.6350 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

4216-80-201-93 —സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ

സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ നിർമ്മാണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 100 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയ തുക. ഇത് അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6216-80-190-97—സർക്കാർ ജീവനക്കാർക്കുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഭവന വായ്പാ പദ്ധതി

സർക്കാർ ജീവനക്കാർക്കുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുതിയ ഭവന നിർമ്മാണ പദ്ധതിയാണിത്. ഈ ഭവന വായ്പ പദ്ധതി പ്രകാരം നടപ്പുവർഷം

250 പേർക്ക് ഭവന വായ്പ നൽകാൻ ഉദ്ദേശിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ ശീർഷകത്തിൽ 98 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി (പുതിയ പദ്ധതി)**

എം. എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടുകൾ ആക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതായും എന്നാൽ ആയതിലേയ്ക്ക് 2023-24 സാമ്പത്തിക വർഷം 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കി. ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് ഒരു വീടിന് 5 ലക്ഷം രൂപ നിരക്കിൽ തുക കണക്കാക്കി ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ സ്പോൺസർഷിപ്പ് മുഖേനയും 1 ലക്ഷം രൂപ അതത് പഞ്ചായത്ത് മുഖേനയും വകയിരുത്തിക്കൊണ്ട് 5 വർഷത്തിനുള്ളിൽ പദ്ധതി പ്രവൃത്തി പൂർത്തീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതിനാൽ ഈ പദ്ധതിയ്ക്കായി പുതിയ ശീർഷകം സൃഷ്ടിച്ച് 2023-24 സാമ്പത്തിക വർഷം തന്നെ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ഭവന മേഖലയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് ഹോസ്റ്റ് ചെയ്യുന്നത് - ഇ-ഗൃഹ (പുതിയ പദ്ധതി)**

ഭവന മേഖലയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് ഹോസ്റ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഈ പദ്ധതിയുടെ (ഇ-ഗൃഹ) നടത്തിപ്പിനായി പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിലേയ്ക്ക് 30 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന XXV

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-001-99—ന്യൂനപക്ഷക്ഷേമം-ഭരണവും നടത്തിപ്പും-നടത്തിപ്പ്

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

16-7-2021-ലെ സർക്കാർ ഉത്തരവു പ്രകാരം ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനും നിലവിലെ

ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് തുകയിലോ എണ്ണത്തിലോ കുറവ് വരാതെ വിതരണം ചെയ്യുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

97—<u>വാഹനങ്ങളുടെ വാടക</u>

ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനങ്ങളുടെ വാടക തുക ഒടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

99—<u>വിവരസാങ്കേതിക വിദ്യ</u>

നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന മാനേജ് ചെയ്യുന്ന വെബ് പോർട്ടലിന്റെ സംരക്ഷണ ചെലവുകൾ, സോഫ്റ്റ് വെയർ ഓഡിറ്റ് ചെലവുകൾ, സ്കോളർഷിപ്പ് വിതരണം, ഇ-ഗ്രാന്റ്സ് മുഖേനയുള്ള ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-04-102-92—<u>ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ</u>

34—<u>മറ്റു ചെലവുകൾ-3- മറ്റിനം</u>

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-04-102-91—<u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>

31—<u>സഹായധനം - ശമ്പളം</u>

വാർഷിക വേതന വർദ്ധനവ്, ടി.എ/ഡി.എ, ശമ്പള കുടിശ്ശിക, ഡി.എ. വർദ്ധനവ് എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ

മേൽ ശീർഷകത്തിൽ 1.3267 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും എല്ലാ ശമ്പളേതര ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 45.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് അവസാനിച്ചു.

## 22-2-2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2023 ഫെബ്രുവരി 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.കെ അക്ബർ, എം.എൽ.എ.
2. ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കരട് റിപ്പോർട്ട് സമിതി പരിഗണിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 18-ൽ പ്രതിപാദിച്ചിട്ടുള്ള 'എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി (പുതിയപദ്ധതി) എന്താണെന്നുള്ളത് സംബന്ധിച്ചുള്ള വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത പദ്ധതി പ്രവൃത്തി 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതിനാൽ ആയതിലേയ്ക്കായി നടപ്പുസാമ്പത്തിക വർഷം തന്നെ 20 കോടി രൂപ അനുവദിക്കേണ്ടതാണെന്ന വിവരവും റിപ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങളോടെ കരട് റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് അവസാനിച്ചു.

## 16-3-2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2023 മാർച്ച് 16-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനു ശേഷം രാവിലെ 10.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ, എം. എൽ. എ.
2. ശ്രീമതി കാനത്തിൽ ജമീല, എം. എൽ. എ.
3. ശ്രീ. എ. സി. മൊയ്തീൻ, എം. എൽ. എ.
4. ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.
5. ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.
6. ശ്രീ. ടി. ജെ. വിനോദ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ഡോ. ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി,
   തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീമതി ശ്രീകല ടി. ആർ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. രാജീവൻ എ. പി., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

സമിതി 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(ഫയൽ നം. 3409/സബ്.സി.ഡി1/2023/നി.സെ.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 235 എബി വകുപ്പ് (1)-ാം ഉപവകുപ്പിലും 1994-ലെ മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 407-ാം വകുപ്പ് (1)-ാം ഉപവകുപ്പിലും ഉള്ള " 2017 ജൂലൈ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം " 2019 നവംബർ 7-ാം തീയതിയോ അതിനുമുമ്പോ" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തുന്നതിലേയ്ക്കുള്ള ഭേദഗതി ബില്ലുകളാണ് ഇവയെന്നും പുതിയ കെട്ടിട നിർമ്മാണ നിയമം 8-11-2019-ൽ നിലവിൽവന്ന സാഹചര്യത്തിൽ 7-11-2019 തീയതിയോ അതിന് മുമ്പോ നിർമ്മാണം ആരംഭിച്ചതോ പൂർത്തിയാക്കിയതോ ആയ അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്കരണം സാധ്യമാക്കുന്നതിലേയ്ക്കാണ് പ്രസ്തുത ബില്ലുകൾ കൊണ്ടുവന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദമാക്കി.

പ്രസ്തുത ബില്ലുകൾ പരിശോധിച്ച സമിതി, താഴെപ്പറയുന്ന ഭേദഗതികളോടെ ബില്ലുകൾ അംഗീകരിച്ചു.

(i) ബില്ലുകളിലെ പീഠികയിൽ തത്വപ്രഖ്യാപന വാക്യത്തിലെ 'എഴുപത്തിമൂന്നാം' എന്ന വാക്കിനുപകരം 'എഴുപത്തിനാലാം' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) ഖണ്ഡം 1(1)ൽ '2022' എന്നുള്ളത് '2023' എന്ന മാറ്റം വരുത്തേണ്ടതാണ്.

പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ സമിതി അംഗങ്ങളായ സർവ്വശ്രീ പി. ഉബൈദുള്ള, ടി. ജെ. വിനോദ് എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു.

സമിതിയോഗം രാവിലെ 10.30-ന് അവസാനിച്ചു.